# മാസ്റ്റർ പ്ലാൻ

## ജി.എച്ച്.എസ് ഉത്തരംകോട്

## ഇരുവേലി

# വഴികാട്ടി

2025-26



## ഗവ. എച്ച്.എസ് ഉത്തരംകോട്, ഇരുവേലി


കോട്ടൂർ പി.ഒ

തിരുവനന്തപുരം

ഫോൺ 0472 285044

email-ghsutharamcode44357@gmail.com


# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## ഉള്ളടക്കം


- ആമുഖം
- മലയാളം
- ഗണിതവിജയം
- ഉല്ലാസഗണിതം
- മേഖല-ഭാഷാപഠനം
- സുരീലി-ഹിന്ദി
- സാമൂഹ്യ ശാസ്ത്രം സമൂഹത്തിന്റെ സമഗ്ര നന്മയ്ക്ക്
- ശാസ്ത്ര പഠനം മികവിലേയ്ക്ക്-സയൻസ്
- സർഗ്ഗശേഷി വികസിപ്പിക്കാം
- ഭിന്നശേഷി വിദ്യാഭ്യാസം
- പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന-വിദ്യാലയ മികവിന്
- ഇംഗ്ലീഷ്
- പ്രീ-പ്രൈമറി
- അവധിക്കാല ക്യാമ്പ്
- മികവുകൾ
- പരിമിതികൾ
- ബഡ്ജറ്റ്

# പ്രിയ രക്ഷകർത്താക്കളേ

പൊതുവിദ്യാലയങ്ങൾ മാറ്റത്തിന്റെ പാതയിലാണ്.

കേരളത്തിലെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി സമഗ്ര ഗുണമേന്മാ വർഷമായി ഈ വർഷത്തെ അംഗീകരിച്ചിരിക്കുന്നു . ഇതിനു അനുയോജ്യമായ പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നുവരുന്നത്.

പൊതുവിദ്യാലയങ്ങ ഹൈടെക് ആകുമ്പോൾ മാറുന്നത് കലാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ മാത്രമല്ല,ദിശാബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കൽ കൂടിയാണ്.നമുക്കെവിടെയോ നഷ്ടമായ മതേതരബോധവും പങ്കുവെക്കലും സഹകരണവും ഒക്കെ തിരിച്ചുപിടിക്കാൻ പൊതുവിദ്യാലയങ്ങൾ കൂടിയേ തീരൂ.മനസുകൾക്കിടയിൽ മതിൽ കെട്ടുന്ന പ്രഭേത ചിന്തയുടെ കരാളരൂപങ്ങളെ പൊട്ടിച്ചെറിഞ്ഞ് പുതിയൊരു തലമുറയെ വാർത്തെടുക്കാൻ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്ന ഈ യജ്ഞത്തിൽ നമുക്കോരുരുത്തർക്കും പങ്കാളികളാവം. പല ഘട്ടത്തിലൂടെ കടന്നുപോകുന്ന നമ്മുടെ സ്കൂളിന്റെ അക്കദമിക്ക് മാസ്റ്റർ പ്ലാൻ കലാലയത്തിന്റെ മുഴുവൻ അധ്യാപകരുടേയും ചർച്ചയുടെ ആകെ തുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ കൊച്ചു ഗ്രാമത്തിലെ കുട്ടികളും ഉയരട്ടെ. നമുക്കതിൽ പങ്കാളിയാകാം. പുതിയൊരു നാളയെ സ്വപ്നം കണ്ടുകൊണ്ട് ഈ ആസൂത്രണ രേഖ സവിനയം സമർപ്പിക്കുന്നു.

# ആമുഖം

കൊല്ലവർഷം 1117 –ാം ആണ്ടോടുകൂടി (1941) കോട്ടൂർ ഇരുവേലി എന്ന സ്ഥലത്ത് രാജഭരണകാലത്ത് സ്ഥാപിതമായ ഒരു ഏകാധ്യാപക വിദ്യാലയമാണ് ഇന്നത്തെ ഗവ.എച്ച്.എസ്. ഉത്തരംകോട് ഇരുവേലി സ്കൂൾ. യാത്രാ സൗകര്യവും, വാഹനസൗകര്യവും ആ കാലഘട്ടത്തിൽ നാമമാത്രമായിരുന്നു.
എൽ.പി.സ്കൂളായി പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിൽ ഇന്ന് പ്രീ-പ്രൈമറി മുതൽ പത്താംക്ലാസുവരെയുള്ള കുട്ടികൾ പഠിക്കുന്നു.വെള്ളനാട് ബ്ലോക്കിന്റെ കീഴിൽ ഈ പ്രദേശത്തു പ്രവർത്തിക്കുന്ന അംഗൻവാടികളിലെയും വനമേഖലയായ പാങ്കാവ്, പൊടിയം, കമലകം, കൊമ്പിടി, വാലിപ്പാറ, പട്ടാണിപ്പാറ,മുക്കോത്തിവയൽ,അണകാൽ,
മാങ്കോട്,അരിയാവിള, മുളമൂട്, ചോനാമ്പാറ,കൈത്തോട് തുടങ്ങിയ ആദിവാസി മേഖലകളിലെ നിർധനരായ കുഞ്ഞുങ്ങളുടെ ഏക ആശ്രയം ഈ സർക്കാർ സ്ഥാപനമാണ്. ഇരുന്നൂറോളം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത് കഴിഞ്ഞിട്ട് ഒമ്പത് വർഷത്തോളമായി.ആദ്യ എസ്.എസ്.എൽ.സി ബാച്ചിൽ നൂറ് ശതമാനം വിജയം നേടാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമായി ഞങ്ങൾ കരുതുന്നു. തുടർന്നുള്ള വർഷങ്ങളിലും ഈ നേട്ടം നിലനിർത്താൻ കഴിഞ്ഞത് അഭിമാനകാര്യമാണ്.നിലവിലെ പരിമിതികളിൽ നിന്നുകൊണ്ട് അതായത് കളിസ്ഥലം, സയൻസ് സാമൂഹ്യ ശാസ്ത്ര ലബോറട്ടറി ചുറ്റുമതിൽ, ഗണിതലാബ് സ്മാർട്ട് ക്ലാസ്റൂം ഇവയുടെ അഭാവത്തിലും
മികച്ച വിജയം നേടുന്നതിന് നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു. കെട്ടുറപ്പുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി, എം.പി.ടി.എ, രക്ഷകർത്താക്കളുടെ കൂട്ടായ്മ ,മികച്ച അധ്യയനം എന്നിവ സ്കൂളിന്റെ നേട്ടങ്ങളാണ്.ആദിവാസി മേഖലകളിലെ കുട്ടികളെ കൃത്യസമയത്ത് കൂളിലെത്തിക്കുന്നതിന്ഗവൺമെന്റ് സ്കീമായ ഗോത്രസാരഥിയുടെ സഹായ സഹകരണങ്ങൾ കുട്ടികൾക്ക് വാഹനസൗകര്യം നിലവിൽ 6 ഗോത്രസാരഥി വാഹനങ്ങളുടെ സേവനം ലഭിച്ചുവരുന്നു.
ഒരുക്കുന്നു.ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പോഷകാഹാര ഉച്ചഭക്ഷണത്തോടൊപ്പം തന്നെ സായിട്രസ്റ്റിന്റെ സഹകരണത്തോടെ പ്രഭാതഭക്ഷണവും കുട്ടികൾക്ക് നൽകിവരുന്നു. പരിമിതികൾക്കുള്ളിൽ

നിന്നുകൊണ്ട് കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും മെച്ചപ്പെട്ട രീതിയിൽ കുട്ടികൾ സ്വായത്തമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

## ഞങ്ങൾ നേരിടുന്ന പരിമിതികൾ

- ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഒരുപ്രശ്നമാണ് . കളിക്കളത്തിന്റെ അഭാവം വനമേഖലയിലെ കുട്ടികളുടെ ഹാജരിലെ സ്ഥിരതയില്ലായ്മ ഒരു പ്രശ്നമാണ്.
- ക്ലാസ് പി.ടി.എ കളിൽ രക്ഷിതാക്കളുടെ പങ്കാളിത്ത കുറവ്,പ്രത്യേകിച്ച്
- വനമേഖലയിലെ രക്ഷിതാക്കൾ .
- ചില കുട്ടികളുടെ പഠനത്തോടുള്ള താൽപര്യക്കുറവ് . മൊബൈൽഫോണിന്റെ അമിത ഉപയോഗം
- മൂല്യബോധമില്ലായ്മ ,സ്വഭാവവൈകൃതങ്ങൾ ,ലഹരിഉപയോഗം.
- വായനാശീലത്തിന്റെ അഭാവം
- കോവിഡ് സമയത്ത് സ്കൂളുകൾ അടഞ്ഞുകിടന്നതിനാൽ കുട്ടികളുടെ ലഹരി ഉപയോഗം വർധിച്ചിരിക്കുന്നു
- ലഹരി ഉപയോഗിക്കുന്ന പെൺകുട്ടികളുടെ വർധനവ് ആശങ്കപ്പെടുത്തുന്നതാണ്

- കായിക അദ്ധ്യാപകൻ, ചില വിഷയങ്ങൾക്ക് അധ്യാപകരുടെ പോസ്റ്റിന്റെ അഭാവം

## പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളെയും
- വായനയുടെ ലോകത്തെത്തിക്കുക .
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്
- അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുക
- ക്ലാസ്സ്റൂം പഠനത്തോടൊപ്പം പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ സജ്ജരാക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കലാകായിക രംഗത്ത് പരമാവധി പ്രോത്സാഹനം നൽകി സ്കൂൾ തലത്തിൽ നിന്ന് സംസ്ഥാന,ദേശീയ,അന്തർദേശീയ തലത്തിൽ ശ്രദ്ധയാർന്ന നേട്ടം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക .
- മൂല്യബോധവും സാമൂഹ്യബോധവും കുട്ടികളിൽ വികസിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ശാസ്ത്ര -സാമൂഹിക ഗണിതശാസ്ത്ര മേളകൾക്ക് കുട്ടികളെ സജ്ജരാക്കുക.
- വിവിധ മത്സരപരീക്ഷകൾക്കായി കുട്ടികളെ സജ്ജരാക്കുക

- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ പഠനപ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകി അവരെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളിൽ മികവോടെ കുട്ടികൾ സ്വയം കൈകാര്യം ചെയ്യുന്ന അവസ്ഥയിൽ എത്തിക്കുക.
- ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനും ആശയവിനിമയം നടത്തി അനായാസം കൈകാര്യം ചെയ്യുന്നതിനും വേണ്ടി കുട്ടികളെ പ്രാപ്തരാക്കുക .
- ശാസ്ത്ര പഠനം വ്യക്തതയോടും സൂക്ഷ്മതയോടും ഉൾക്കൊള്ളുന്നതിനും നിത്യജീവിതവുമായി ബന്ധപ്പെട്ട് നിരവധി പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ശാസ്ത്ര ലാബ് മികവുറ്റതായി സജ്ജീകരിക്കുക.
- ഗണിത ശാസ്ത്രത്തിന് ഊന്നൽ നൽകി ഗണിതം അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- പെൺകുട്ടികൾക്ക് ആത്മവിശ്വാസം നേടി സ്വയരക്ഷയിലേക്ക് എത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നൽകുക.
- പാർശ്വവത്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക .
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക .
- പ്രാദേശിക ചരിത്ര പ്രാധാന്യം കുട്ടികളിൽ എത്തിക്കുക
- ലഹരിയുടെ പിടിയിൽപ്പെട്ട കുട്ടികളെ അതിൽ നിന്നും
- രക്ഷിക്കുന്നതിനായുള്ള ശ്രമങ്ങൾ നടത്തുക
- സഹിതം പോർട്ടലിൽ കുട്ടികളുടെ വിലയിരുത്തൽ രേഖപ്പെടുത്തുക
- ലിംഗപദവിയും അവസര സമത്വവും ഉറപ്പാക്കുന്ന വിദ്യാഭ്യാസം

# മലയാളം

## ആമുഖം

പഠനം നിരന്തരമായ അറിവന്വേഷണമാണ്. ആശയം പ്രകാശിപ്പിക്കുന്നതിന് അനന്തമായ സാധ്യതകൾ തുറന്ന് കാട്ടുന്നതാണ് ഭാഷ. ഓരോ കുട്ടിയുടെയും ഭാഷാപഠനം വ്യത്യസ്തതലത്തിലാണ് നടക്കുന്നത്. വീട്,വിദ്യാലയം,സമൂഹം എന്നിവിടങ്ങളിൽ നിന്നും കുട്ടി നേടുന്ന അറിവുകൾ അവന്റെ വളർച്ചയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. അതുകൊണ്ടുതന്നെ കുട്ടിയുടെ ജീവിത പരിസരത്തിൽ നിന്നുകൊണ്ട് ഭാഷാജ്ഞാനത്തെ നോക്കിക്കാണണം. പലകാരണങ്ങളാണ് കുട്ടി ഭാഷ പ്രയോഗിക്കുന്നതിൽ പിന്നിലാകുന്നത്.യഥാർത്ഥ കാരണം അധ്യാപകർ അന്വേഷിച്ച് കണ്ടെത്തണം.കുട്ടിയുടെ അറിവിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടായിരിക്കണം പഠനാനുഭവങ്ങൾ നൽകേണ്ടത്.കുട്ടിയുടെ ആവശ്യബോധവും , താൽപര്യവും ഉണർത്തുന്ന തലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കുട്ടിക്ക് ആത്മവിശ്വാസവും, പ്രോത്സാഹനവും നൽകി അവന്റെ ഭാഷാപഠനം മെച്ചപ്പെടുത്താൻ കുട്ടികളുടെ ഗൃഹസന്ദർശനവും നടത്തേണ്ടതുണ്ട്. ഭിന്നശേഷി സൗഹൃദ വിദ്യാലയമായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നൽകിവരുന്നത്.

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക, ഒപ്പം മികച്ച എഴുത്തുകാരാക്കുക എന്ന ലക്ഷ്യം നേടുന്നതിനായും പിന്നോക്കം നിൽക്കുന്നവരെകൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റാനുള്ള നൂതന സംരംഭമാണ് ഈ മാർഗ്ഗരേഖ.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം,എഴുത്ത്കൂട്ടം

- അമ്മ വായന
- ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം.സന്ദർശനം
- ക്ലാസ് സഭ ,സ്കൂൾ സഭ, ബാല സഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ് ധ്യം നേടൽ ,പത്രവായന,മാഗസിൻ ആഴ്ചപ്പതിപ്പുകൾ
- വയനാ സാമഗ്രികൾ കണ്ടെത്തുക ,വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ
- ആവിഷ്കരിക്കുക
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- മാഗസിൻ,പതിപ്പുകളുടെ എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി.ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ
- സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കുക.
- ക്ലാസ്തല സർഗ്ഗമേള

## പ്രവർത്തങ്ങൾ

- മലയാളത്തിളക്കം

  പ്രീ - ടെസ്റ്റ് നടത്തുന്നു.പിന്നോക്കക്കാരെ കണ്ടെത്താൻ.

- അക്ഷരം ഉറപ്പിക്കൽ

  ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

- അടയാളങ്ങൾ ഉറപ്പിക്കൽ

  ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ, എന്നിവ ഉറപ്പിക്കൽ

- അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്

  അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

- ചിത്രം - അടിക്കുറിപ്പ്

  ചിത്രം നൽകൽ ,അടിക്കുറിപ്പ് പറയിപ്പിക്കൽ

- കഥ - ബാക്കിപറയൽ - എഴുതൽ

  ഒരു കഥയുടെ ബാക്കിഭാഗം പറയിപ്പിക്കുന്നു, എഴുതുന്നു.

- കഥാപുസ്തകം - നൽകൽ

  വായന,കുറിപ്പ് തയ്യാറാക്കൽ

- സി.ഡി. പ്രദർശനം

  ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു .ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം,എഴുതാൻ അവസരം.

- ഭിന്നശേഷിക്കാരെ പരിഗണിക്കൽ

  ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് സി.എസ്.ഡബ്ല്യു.എൻ അധ്യാപകരുടെ സേവനം.

- ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

  ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്രപുസ്തകം വായിക്കാം, വായനകുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ)ചർച്ച ,വായനാ കുറിപ്പ് ,അസംബ്ലി എന്നിവ അവതരിപ്പിക്കണം.

- ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

  കുട്ടികളുടെ സഹായത്തോടെ വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി സജ്ജീകരിക്കണം .

- സ്കൂൾ ലൈബ്രറി നവീകരണം

  സ്കൂൾ ലൈബ്രറി നവീകരണം,പുസ്തക വിതരണ രജിസ്റ്റർ ,കുട്ടി ലൈബ്രേറിയൻ,പുസ്തക വിതരണം പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം,ബർത്ഡേ പുസ്തക ശേഖരണം.

- വായനോത്സവം സംഘടിപ്പിക്കൽ

  കുട്ടികളുടെ കൂട്ടായ്മ ,യോഗം സംഘടിപ്പിക്കൽ ,യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകവുമായി അനുഭവം പങ്കിടൽ,

വായനകുറിപ്പ്, ആസ്വാദനകുറിപ്പ് പ്രകാശനം,വായിച്ച കൃതികളുടെ രംഗാവിഷ്കാരം ,നാടകങ്ങൾ എന്നിവയുടെ അവതരണം.

- സമീപ ഗ്രന്ഥശാല അംഗത്വം ,സന്ദർശനം

  ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതാരം, വായന, എഴുത്ത് പ്രോത്സാഹനം എന്റെ പുസ്തകം പ്രകാശനം.

- പത്രവായന

  വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ,പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ,പുതിയ അറിവ് കണ്ടെത്തൽ ,വായന, എഴുത്ത്, പത്രം തയ്യാറാക്കൽ

- പുസ്തകചർച്ച - വായനാനുഭവം പങ്കുവെക്കൽ

  വിദ്യാർഥികൾ, അധ്യാപർ, രക്ഷിതാക്കൾ, സാഹിത്യകാരൻമാർ എന്നിവർക്ക് സ്വാഗതം, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്ര നിരൂപണം ,സ്വാധീനം, ഇഷ്ടപെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ -മാസത്തിൽ ഒരു ദിവസം.

- വായനക്കുറിപ്പ്

  ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു.ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു.പതിപ്പ് പ്രകാശനം.

- വിദ്യാരംഗം കലാസാഹിത്യ വേദി

  വായന,എഴുത്ത് – മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം,പാഠഭാഗവുമായി ബന്ധപ്പെടുത്തി എഴുതിയവ,സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്തുവാൻ അവസരം .വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ .സാഹിത്യകാരന്മാരെ ക്ഷണിക്കൽ .

- ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

- സാഹിത്യ പ്രതിഭകളുമായുള്ള സംവാദം

  സാഹിത്യ വാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത നിരൂപണം മനസിലാക്കാൻ ,ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

- ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

  ക്ലാസ്മുറിയിൽ, സ്കൂളിൽ, ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത. വായന പ്രോത്സാഹിപ്പി ക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ, മത്സരങ്ങൾ

- വായനാസാമഗ്രികൾ വികസിപ്പിക്കൽ

  യു.പി കുട്ടികൾക്കായുള്ള വായനാ സാമഗ്രികൾ ശേഖരിക്കൽ ,കുട്ടികളുടെയും,രക്ഷിതാക്കളുടെയും പങ്കാളിത്തമുള്ള രചനാ ശിൽപ്പശാല സംഘടിപ്പിക്കൽ ,രചനകൾ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ .

- കാവ്യകൂട്ടം

  കുട്ടികളുടെ കവിതകൾ ,അധ്യാപകരുടെ കവിതകൾ രക്ഷിതാക്കളുടെ കവിതകൾ ,സമൂഹത്തിലെ വ്യക്തികൾ പ്രാദേശിക സാഹിത്യപ്രതിഭകൾ ,കവികൾ മുതലായവരെ സങ്കടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു (ബി,ആർ.സി സഹായത്തോടെ).

- എഴുത്തുകൂട്ട രൂപീകരണം

  കുട്ടികളെ അഞ്ച് വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സഘടിപ്പിക്കുന്നു. എഴുത്ത് ഏതു സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു. കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു.വിലയിരുത്തൽ,പുസ്തകം തയ്യാറാക്കൽ.

- സഞ്ചരിക്കുന്ന ആസ്വാദനകുറിപ്പ് പുസ്തകം

  ഓരോ ദിവസവും ഓരോ കുട്ടി എഴുതണം .വീട്ടിലുള്ള ആരെങ്കിലുമൊരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം.കൈമാറി കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനകുറിപ്പും വിലയിരുത്തൽ കുറിപ്പും പ്രയാണം തുടരും.

- വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

  മലയാളസാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ,വിവിധ സ്വഭാക്കൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ,വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ,വിവിധ മേഖലയിലുള്ള വ്യക്തികളുടെ ആഗമനം ,സംവാദം,അഭിമുഖം .

- മാഗസിൻ ,ചുവർപത്രിക,പതിപ്പ്

  സർഗ്ഗശേഷി പരിപോഷിപ്പിക്കൽ, ക്ലാസ്തലത്തിൽ മാഗസിൻ, ചുവർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ,പ്രകാശനം.

- പൊതുവേദിയിൽ പ്രകടനങ്ങൾ

  കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ,അസംബ്ലി ,റേഡിയോ ,ക്ലബ്ബ് ,സർഗ്ഗവേള എന്നിവ സംഘടിപ്പിക്കാൻ അവസരം നൽകുന്നു.സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം ,യോഗങ്ങൾ സംഘടിപ്പിക്കൽ

- രചയിതാക്കൾ പരിചയപ്പെടൽ

  അസംബ്ലിയിൽ ഒരിനമാകണം കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പരിശോധിപ്പിക്കൽ പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് ,പവർപോയിന്റ് അവതരണം ,രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം)അവതരണം.

- ഭാഷ പ്രോജക്ടുകൾ

  ഭാഷയെ കൂടുതൽ മനസിലാക്കാനും ,ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധപ്രോജക്ടുകൾ ചെയ്യുന്നു (പാഠപുസ്തകവുമായി ബന്ധപ്പെട്ട്)

- ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ

  ബി.ആർ.സി, സി.എസ്.ഡബ്ല്യൂ.എൻ അധ്യാപകർ എന്നിവരുടെ സഹായത്തഹോറെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ,പ്രോത്സാഹനം ,പ്രഗത്ഭരുടെ സേവനം.

- സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി

  സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ ,മഹത്‌വചനങ്ങൾ ജീവചരിത്രകുറിപ്പുകൾ ,ആസ്വാദനകുറിപ്പുകൾ ,കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ ആർട് ഗ്യാലറികൾ സന്ദർശിക്കൽ

| നമ്പർ | പ്രോഗ്രാം | പ്രവർത്തനം | കാല ദൈർഘ്യം | ഭൗതികം | പിൻതുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴു | 2 മാസം | പുസ്തകങ്ങൾ | BRC, PTA, SCERT | 10000 |

| | | | | | | |
|---|---|---|---|---|---|---|
| | | തിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമിക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥപറയൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • ചിത്രം - കഥയെഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• കഥാപുസ്തകം നൽകൽ<br>• സി.ഡിയിൽ ഒരു ചിത്രം നൽകി വാ | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ക്യങ്ങൾ എഴുതൽ<br>■ ഭാഷാപരമായ പിന്നോക്കം നിൽക്കുന്ന–വർക്ക് പ്രത്യേകം ക്ലാസ് | | | | | |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുക( | ■ ക്ലാസ് വായനക്കൂട്ടം രൂപീ | 6 മാസം | ക്ലാസ് ലൈബ്രറി | BRC | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | വായന ക്കൂട്ടം) | കരി ക്കൽ.<br>● വായ നമൂല ക്ലാസ് ലൈ ബ്രറി രൂപീ കരി ക്കൽ<br>● സ്കൂ ൾ ലൈ ബ്രറി നവീ കരി ക്കൽ<br>● സമീ പ ഗ്രന്ഥ ശാല അംഗ ത്വം സന്ദർശനം<br>● വായ നോ | | സ്കൂൾ ലൈബ്ര റി ഗ്രന്ഥശാ ല പത്രങ്ങ ൾ<br>ആനുകാ ലിക പ്രസിദ്ധീ കരണ ങ്ങൾ<br>ഇന്റർനെ റ്റ് കമ്പ്യൂട്ടർ ഇ-വായന | ഗ്രന്ഥശാ ല<br>BRC | |

| | | | | | | |
|---|---|---|---|---|---|---|
| | | ത്സ<br>വം<br>സംഘ<br>ടിപ്പി<br>ക്കൽ<br>• പത്ര<br>വായ<br>ന<br>• പു<br>സ്ത<br>കചർ<br>ച്ച<br>• വായ<br>നാനു<br>ഭവം<br>പങ്കു<br>വെ<br>ക്കൽ<br>• വായ<br>നകു<br>റിപ്പ്.<br>പതി<br>പ്പ്<br>• വി<br>ദ്യാ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | രംഗം,<br>കല<br>സാ<br>ഹി<br>ത്യ<br>വേദി<br>പ്രവ<br>ർത്ത<br>നം,<br><br>• ദിനാ<br>ചര<br>ണങ്ങ<br>ൾ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • സാഹിത്യ പ്രതിഭകളുമായുള്ള അഭിമുഖം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദകരമായ വായന | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • വായനസാമഗ്രികൾ വികസിപ്പിക്കൽ<br>• പുസ്തകം ഒരുക്കൽ<br>• വായനക്കൂട്ടം. മോണിറ്ററിംഗ്<br>• കാവ്യക്കൂട്ടം | | | | | |
| 3 | കുട്ടിയെ മികച്ച എഴുത്തു | • എഴുത്തുകൂട്ട | 6 മാസം | | BRC | | |

| | | | | | | |
|---|---|---|---|---|---|---|
| | കാരനാ<br>ക്കുക<br>(എഴു<br>ത്തുകൂട്ടം<br>) | രൂപീ<br>കര<br>ണം<br>• പു<br>സ്ത<br>ക<br>ചർച്ച<br>• .ക്ലാസ്<br>ലൈ<br>ബ്രറി<br>• വായ<br>നകു<br>റിപ്പ്,<br>പതി<br>പ്പ്<br>• സഞ്ച<br>രിക്കു<br>ന്ന<br>ആ<br>സ്വാദ<br>നകു<br>റിപ്പ്<br>പു<br>സ്ത<br>കം | | ലൈബ്ര<br>റി<br><br>ഓഡി<br>റ്റോറി<br>യം | PTA,SCER<br>T<br><br>പുസ്തക<br>ങ്ങൾ<br><br>ജീവചരി<br>ത്ര<br>പുസ്തക<br>ങ്ങൾ,ഗ്ര<br>ന്ഥശാല,<br><br>ഫോട്ടോ<br>കൾ,പു | |

| | | | | | | |
|---|---|---|---|---|---|---|
| | | ● വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>● മാഗസിൻ, ചുവർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>● സർഗ്ഗസൃഷ്ടികളുടെ പു | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | സ്തകം തയ്യാറാക്കൽ<br>• എഴുത്തുകൂട്ടം, മോണിറ്ററിംഗ്<br>• വായനകുറിപ്പ്, ആസ്വാദനകുറിപ്പ്<br>• പൊതുവേദികളിൽ സംസാരിക്കാ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | നുള്ള<br>കഴി<br>വ്<br>• വ്യ<br>ക്തിഗ<br>ത<br>രചന<br>സംഘ<br>രചന<br>• ഭാഷ<br>പ്രോ<br>ജക്ട്<br>• സാ<br>ഹി<br>ത്യകാ<br>രന്മാ<br>രുമാ<br>യുള്ള<br>സം<br>വാദം<br>„അഭി<br>മുഖം<br>• രച<br>യിതാ<br>ക്കളെ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | പരിചയപ്പെടൽ<br>• സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | | | | |

# ഗണിതം മധുരം

## ആമുഖം

വിദ്യാർത്ഥികൾക്ക് ഏറ്റവുംകൂടുതൽ പ്രയാസം അനുഭവപ്പെടുന്ന വിഷയമാണ് ഗണിതം. ഗണിതം മധുരമാക്കാനും വിദ്യാർഥികൾ നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ അടുത്തറിയുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഗണിത കളികൾ, നിർമ്മിതികൾ,പസിലുകൾ,സെമിനാറുകൾ, ഐ.സി.ടി സാധ്യത പാട്ടുകൾ നാടകം,ഗണിതമേളകൾ തുടങ്ങിയവയിലൂടെ ഗണിതശേഷി വികസിപ്പിച്ച് ഉയർന്ന നിലവാരത്തിലെത്തിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. എസ്.ആർ.ജി, എം.പി.ടി.എ, പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി. എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ലക്ഷ്യം.

- സംഖ്യാബോധം ഉറപ്പിക്കൽ
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
- ഗണിതരൂപങ്ങളുടെ നിർമ്മാണം
- ഗണിതമാഗസിൻ തയ്യാറാക്കൽ
- ഗണിത സെമിനാർ
- ഗണിത ശാസ്ത്രജ്ഞന്മാരുടെ വിവര ശേഖരണം.
- ഗണിത ക്വിസ്
- ഗണിത ലാബ് നവീകരണം
- ഐ.സി.ടി സാധ്യതകളുടെ കണ്ടെത്തലുകളും അവ ഉപയോഗിച്ചുള്ള പഠനവും.

## പ്രവർത്തനങ്ങൾ

- സംഖ്യാബോധം ഉറപ്പിക്കൽ

  സംഖ്യ കാർഡുകൾ,ചിത്രങ്ങൾ,എന്നിവയിലൂടെ കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുന്നു.

- ചതുഷ് ക്രിയകൾ ഉറപ്പിക്കൽ

  സംഖ്യ കാർഡുകൾ,ചിത്രങ്ങൾ,അക്കക്കളം തുടങ്ങിയവയിലൂടെ ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു

- ഗണിത രൂപങ്ങളുടെ നിർമ്മാണം

  ചുറ്റുപാടുമുള്ള ഗണിത രൂപങ്ങൾ തിരിച്ചറിയുകയും ഈർക്കിൽ, കാർഡ് ബോർഡ് തുടങ്ങിയവ ഉപയോഗിച്ച് നിർമിക്കുകയും ചെയ്യുന്നു.

- ഗണിത ക്ലബ് ഗണിത മാഗസിൻ തയ്യാറാക്കൽ

  ഗണിത ക്ലബ് രൂപീകരിച്ച് ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. ഗണിത ക്ലബ്ബിൽ രൂപപ്പെടുന്ന ഉൽപന്നങ്ങൾ ഉപയോഗിച്ച് ഗണിത മാഗസിൻ തയ്യാറാക്കുന്നു.

- ഗണിത ക്വിസ്

  എല്ലാ ആഴ്ചയിലും ഗണിത ക്വിസ് നടത്തുന്നു..

- പാറ്റേൺ കണ്ടെത്തൽ

  പാറ്റേണുകൾ  നിർമിക്കുന്നു ,പുതിയ പാറ്റേണുകൾ കണ്ടെത്തുന്നു.,

- ഗണിത ശാസ്ത്രമേള

  സ്കൂൾ തല ഗണിത ശാസ്ത്രമേള നടത്തുന്നു.അതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ സബ്ജില്ലാ ശാസ്ത്രമേളക്ക് തയ്യാറെടുപ്പിക്കുന്നു

- ഗണിത ശില്പശാല
- ഗണിത രൂപങ്ങളുടെ നിർമ്മാണം (അബാക്കസ്,സ്ഥാനവില)

- ഗണിത ക്യാമ്പുകൾ
- ഗണിത രൂപങ്ങളുടെ പ്രദർശനം
- ഗണിത ബ്ലോഗ്, ഗണിത സൗഹൃദ മൂല - ക്ലാസ് തലത്തിൽ
- ഗണിത പ്രോജക്ട്കൾ

  ➢ സ്കൂൾ/പരിസരം നിരീക്ഷിച്ച് ഗണിതരൂപങ്ങൾ തിരിച്ചറിയൽ സമീപത്തുള്ള വിവിധ ബങ്കുകളുടെ പലിശ നിരക്കുകൾ ശേഖരിച്ച് അവയിലുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തൽ

  ➢ കുട്ടികൾ അവരുടെ വീട്ടിലെ മുറികളുടെ വിസ്തീർണ്ണവും ചുറ്റളവും കണ്ട്പിടിച്ച് എങ്ങനെ യുള്ള അളവുകൾക്കാണ് വിസ്തീർണ്ണം കൂടുതൽ എന്ന് കണ്ടുപിടിക്കുക.

  ➢ മറ്റ് കുട്ടികളുടെ കണ്ടെത്തലുകളും തരതമ്യം ചെയ്ത് നിഗമനത്തിലെത്തുക.

  ➢ പത്രങ്ങളിലും മാസികകളിലും കാണുന്ന പിക്റ്റോഗ്രാഫ് ബാർഗ്രാഫ്, വൃത്തചിത്രങ്ങൾ എന്നിവ ശേഖരിക്കുക.അവ വിശകലനം ചെയ്ത് ഒരു താരതമ്യ പഠനം നടത്തുക.

| ക്രമനമ്പർ | പ്രവർത്തനം | ക്ലാസ് | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | എൽ .പി ,യു.പി ,എച്ച്.എസ് | ജൂൺ,ജൂലൈ | 10000 |
| 2 | ഗണിതരൂപങ്ങളുടെ നിർമ്മാണം | എൽ .പി ,യു.പി ,എച്ച്.എസ് | സെപ്റ്റംബർ, ഒക്ടോബർ | |
| 3 | ഗണിത മാഗസിൻ | ഗണിത ക്ലബ്,ക്ലാസ് തലം | ജൂൺ,ജനുവരി | |
| 4 | ഗണിത ശാസ്ത്രജ്ഞന്മാരുടെ വിവരശേഖരണം | ഗണിത ക്ലബ് | ജൂൺ,ജനുവരി | |
| 5 | ഗണിത പസിലുകൾ,ഗണിത ഗെയിംസ് തയാറാക്കൽ | ഗണിത ക്ലബ് | ജൂൺ,ജനുവരി | |

| | | | | |
|---|---|---|---|---|
| 6 | ഗണിതപ്പാട്ട്,സംഖ്യാ ബോധം ഉറപ്പിക്കൽ | എൽ .പി | ജൂൺ, സെപ്റ്റംബർ | |
| 7 | ഗണിത നാടകം | യു.പി ,എച്ച്.എസ് ക്ലാസ് തലം | നവംബർ, ഡിസംബർ | |
| 8 | ഗണിത സെമിനാർ | യു.പി ,എച്ച്.എസ് | നവംബർ, ഡിസംബർ | |
| 9 | ഗണിത ക്വിസ് | | | |
| 10 | ഐ.സി.ടി സാധ്യതകളുടെ കണ്ടെത്തലും അവ ഉപയോഗിച്ചുള്ള പഠനവും | എൽ .പി ,യു.പി ,എച്ച്.എസ് | ജൂൺ, മാർച്ച് | |
| 11 | നാട്ടറിവുകൾ- ശേഖരിക്കൽ | | | |
| 12 | ദിനാചരണം | | ജൂൺ, മാർച്ച് | |
| 13 | ഗണിത ക്ലബ് രുപീകരണം | | ജൂൺ | |

## മേഖല - ഭാഷ പഠനം, ഉപ മേഖല -ഹിന്ദി

## ആമുഖം

വിദ്യാഭ്യാസത്തിന്റെ പ്രഥമ പരിഗണന ഓരോ കുട്ടിക്കും പ്രായമനുസരിച് എഴുതാനും വായിക്കാനുമുള്ള അടിസ്ഥാന ശേഷി കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതാണ്. ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകരവുമാക്കി മാറ്റാനും ഓരോ കുട്ടികളെയും മികവുറ്റ കുട്ടികളാക്കി മാറ്റാനും ഓരോ രസകരമായ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നതാണ് .ഓരോ ആഴ്ചയിലും ഹിന്ദി വാക്കുകൾ പരിചയപ്പെടുത്തൽ, ഹിന്ദി വർക്ഷീറ്റിന്റെ നിർമാണവും ഉപയോഗത്താൽ കാര്യക്ഷമതയുള്ള കുട്ടികളെ വാർത്തെടുക്കാൻ സാധിക്കുന്നു.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളിലും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുംസംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക .
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള അഭിരുചിയും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക
- കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു.
- ഹിന്ദി ഭാഷയും സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.

# പ്രവർത്തനങ്ങൾ

- ഹിന്ദി അസംബ്ളി
- ഹിന്ദി ലൈബ്രറി
- ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ
- ഐ.ടി.സി യുടെ ഉപയോഗം കൂടുതൽ കാര്യക്ഷമാക്കൽ
- ഹിന്ദി പ്രദർശന ബോർഡ്
- ദിനാചരണങ്ങൾ ഹിന്ദിയിൽ
- ഹിന്ദി പത്രം ഇ- പേപ്പർ ലഭ്യമാക്കൽ
- എന്റെ ഹിന്ദി ബുക്ക്
- ഹിന്ദി ഫിലിം ക്ലബ്
- എന്റെ ഹിന്ദി ഡയറി
- ഹിന്ദി സംസാരിക്കാനുള്ള കഴിവ് വളർത്തൽ
- ഹിന്ദി കലോത്സവം
- ഹിന്ദി വർക്ക് ഷീറ്റിന്റെ നിർമാണം ഉപയോഗം
- ഹിന്ദി മാഗസിൻ തയ്യാറാക്കൽ
- നൻഹി ബോൽ

വാർഷിക പദ്ധതി

| നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / മോണിറ്ററിങ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | | | | | |

| | | | | | |
|---|---|---|---|---|---|
| | (ആഴ്ച യിലെ വാക്ക് ) | | | പ്രധാന അധ്യാപക ൻ | |
| 2 | ഹിന്ദി അസംബ്ളി | എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു മഹത് വചനങ്ങൾ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, ചിന്താ വിഷയം, പുസ്തക വായന മുതലായവ ഉൾപ്പെടുത്തി ഹിന്ദിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപക ൻ ,ഹിന്ദി ക്ലബ്,പ്രധാ ന അധ്യാപക ൻ | |
| 3 | ഹിന്ദി ലൈബ്ര റി | ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി നിർമ്മാണം. ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു.വായന ഉറപ്പാക്കുന്നു ,കുറിപ്പുകൾ എഴുതുന്നു . | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപക ൻ, ഹിന്ദി ക്ലബ് പി .ടി . എ ഫണ്ട് സംഭാവന കൾ (അധ്യാപക ർ ,വിദ്യാർഥി കൾ രക്ഷിതാക്ക ൾ | |

| | | | | | |
|---|---|---|---|---|---|
| | | | | ,നാട്ടുകാർ) പ്രധാന അധ്യാപകൻ | |
| 4 | ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന ആഴ്ച ക്ലബ് രൂപീകരിച്ച് പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 5 | ഐ. സി ടി. യുടെ ഉപ യോഗം കൂടുതൽ കാര്യക്ഷമാക്കൽ | പാഠഭാഗങ്ങൾ ഐ .സി.ടി സഹായത്തോടുകൂടി ലളിതമാക്കുന്നു . പ്രധാനപ്പെട്ടവ പവർ പോയിന്റ് പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 6 | ഹിന്ദി പ്രദർശന ബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കിവെക്കുന്നു | | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| | | | ജൂൺ 2025 മുതൽ | | |
| 7 | ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ക്ലാസ്റൂം പ്രവർത്തനവുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 8 | ഹിന്ദി പത്രം ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ ലഭ്യമാക്കുക,ഇന്റർനെറ്റിൽ നിന്നും ഇ - പേപ്പർ പ്രിന്റ് എടുത്ത് വായനക്ക് അവസരം നൽകുക,വായിച്ച കാര്യങ്ങളുടെ കുറിപ്പ് തയ്യാറാക്കാൻ പറയുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 9 | എന്റെ ഹിന്ദി ബുക്ക് | ഓരോ കുട്ടിക്കും അവരുടെ ഹിന്ദി ബുക്കിന് കുട്ടികൾ ഇഷ്ടപ്പെടുന്ന പേര് നൽകുന്നു.പോർട്ട് ഫോളിയോ ആയി ഉപയോഗിക്കാം.ഇതിൽ | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടി ശേഖരിക്കുന്ന ഹിന്ദിയുമായി ബന്ധപ്പെട്ട എന്തും രേഖപെടുത്താം . | | | |
| 10 | | | | | |
| 11 | എന്റെ ഹിന്ദി ഡയറി | ഓരോ ആഴ്ചയും അവരവരുടെ വിശേഷപ്പെട്ട ഒരു ദിവസത്തെ ഡയറി എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു.( അഞ്ചാം ക്ലാസ് കാർക്ക് മാത്രം എല്ലാ വർഷവും നവംബർ മുതൽ ആരംഭിക്കും) | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 10 | ഹിന്ദി സംസാരിക്കാനുള്ള കഴിവ് വളർത്തൽ | പഠനസമയം നഷ്ടപ്പെടുത്താതെ സമയം കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 11 | ഹിന്ദി കലോത്സവം | ഹിന്ദി വാരാഘോഷത്തോടനുബന്ധിച്ച് ഹിന്ദി കലോൽസവം വളരെ മികച്ച രീതിയിൽ നടപ്പിലാക്കുക. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 12 | ഹിന്ദി വർക്ക് ഷീറ്റിന്റെ നിർമാണം ഉപയോഗം | ഒന്നാം ടേം മൂല്യനിർണ്ണയം കഴിഞ്ഞാൽ ഉടൻതന്നെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ നൽകി പ്രവർത്തനം മെച്ചപ്പെടുത്തുക | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്,പ്രധാന അധ്യാപകൻ | |
| 13 | നൻഹി ബോൽ | ഹിന്ദി ശബ്ദ സമ്പത്ത് വർദ്ധിപ്പിക്കാൻ സഹായകമാക്കുക | ജൂൺ 2025 മുതൽ | " | |

# സാമൂഹ്യ ശാസ്ത്രം സമൂഹ നന്മയ്ക്ക്

## ആമുഖം

സാമൂഹ്യ ശാസ്ത്ര പഠനം സമൂഹത്തെ കുറിച്ചുള്ള സമഗ്രമായ പഠനമാണ്. സാമൂഹ്യ,രാഷ്ട്രീയ ,സാംസ്കാരിക ,ഭൂമിശാസ്ത്ര പാരിസ്ഥിതിക വീക്ഷണ കോണിലൂടെ വസ്തുതകളെ വിശകലനം ചെയ്യുന്നതും മനുഷ്യന്റെ ബഹു മുഖമായ വളർച്ചയുടെ ചിത്രം നല്കുന്നതുമാകണം സാമൂഹ്യ ശാസ്ത്രപഠനത്തിന്റെ ലക്ഷ്യം . മനുഷ്യ സാഹോദര്യം,സർവ ലൗകിക വീക്ഷണം ,മതേതര ജനാധിപത്യ ബോധം വളർത്താനും മൂല്യബോധമുള്ള സമൂഹം സൃഷ്ടിക്കാനും വസ്തുതകളെ സർഗ്ഗാത്മകമായും വിമർശനാത്മകമായും വിലയിരുത്താനും സാമൂഹ്യ ശാസ്ത്ര പഠനം സഹായിക്കും. നാം വസിക്കുന്ന ഭൂമി എത്രമാത്രം വൈവിധ്യ പൂർണവും ചലനാത്മകവുമാണ്.പ്രകൃതിയിലെ വൈവിധ്യങ്ങളെ മനുഷ്യരാശിയുടെ പുരോഗതിക്ക് ഉതകും വിധം സാങ്കേതിക വിദ്യയുടെ വരവ് ഉചിതമാണ് .ഐ.സി.ടി പ്രാദേശിക ചരിത്ര നിർമാണം,സെമിനാർ അവതരണം ,ചാർട്ട് നിർമാണം ,ഭൂപട നിർമാണം ,ക്വിസ് പ്രദർശനങ്ങൾ, നാടകങ്ങൾ/സ്കിറ്റ് പ്രസംഗം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വർധിപ്പിക്കാൻ കഴിയും.

ലക്ഷ്യങ്ങൾ

- ജനാധിപത്യ മൂല്യങ്ങൾതിരിച്ചറിയുന്ന വിദ്യാർത്ഥി സമൂഹം വാർത്തെടുക്കുക .
- ഐ.സി.ടി കൂടുതൽ പ്രയോജനപ്പെടുത്തി സാമൂഹ്യ പാഠ പഠനംലളിതമാക്കുക
- പ്രാദേശിക ചരിത്ര രചനയിൽ മികവ് പുലർത്തുക
- കാലാവസ്ഥാ മേഖലകൾ,സമയമേഖലകൾ,അന്തരീക്ഷസ്ഥിതികൾ,പാരിസ്ഥിതിക അവബോധം,എന്നിവയിലൂടെ ചുറ്റുപാടുകളെ തിരിച്ചറിയുക
- സമൂഹ ചലനത്തിന്റെ പൊതു സ്വഭാവം വിലയിരുത്തുക

- സെമിനാർഅവതരണം,ഭൂപട നിർമാണം,ചാർട്ട് നിർമാണം ,ഇവയിൽ കുട്ടികളെ മികവിൽ എത്തിക്കുക.
- പ്രസംഗത്തിൽ കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

- ഒന്നായി നമ്മൾ : പൗരബോധം സാമൂഹ്യ സേവനം
- ലിംഗസമത്വം
- വയൽക്കിളികൾ : പഠനയാത്ര
- ഭൂപട നിർമാണം,അറ്റ്ലസ് നിർമാണം
- നമ്മുടെ നാട്ടിലെ ചരിത്ര സ്മാരകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കലും ,ചരിത്ര സ്മാരകങ്ങളുടെ സന്ദർശനവും
- സെമിനാറുകൾ സംഘടിപ്പിക്കുന്നു
- പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുന്നു
- മികച്ച ചാർട്ടുകൾ തയ്യാറാക്കുന്നു
- പ്രാദേശിക ചരിത്ര നിർമാണം നടത്തുന്നു
- ഗാന്ധിദർശൻ

## പ്രവർത്തനങ്ങളുടെ വിശകലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **വയൽ കിളികൾ:** [illegible] | അക്കാദമിക വർഷം മുഴുവനായി [illegible] | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** [illegible] | അക്കാദമിക വർഷത്തിലെ [illegible] | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സ്ഥാപനങ്ങൾ |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** [illegible] | അക്കാദമിക വർഷം | | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **ഭൂപടങ്ങളിലൂടെ:** [illegible] | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. [illegible] | **ചരിത്ര ശേഖരം:** [illegible] | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | |
|---|---|---|---|
| 1. | പ്രാദേശിക ചരിത്ര നിർമാണം<br>● പ്രദേശം<br>● കുടിലുകൾ, ആരാധനാലയങ്ങൾ<br>● നദികളുടെ ഉത്ഭവം | 2 മാസം | 8,9,10 |
| 2. | സെമിനാർ അവതരണം(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | 5–10 |
| 3. | ചാർട്ട് നിർമാണം(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | 5–10 |
| 4. | ഭൂപട നിർമ്മാണം(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | 5–10 |

| | | | |
|---|---|---|---|
| 6 | ക്വിസ്(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | എൽ.പി |
| 7 | പ്രദർശനങ്ങൾ(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | എൽ.പി , .യു പി |
| 8 | നാടകങ്ങൾ(പാഠ ഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച | |
| 9 | പ്രസംഗം(പാഠഭാഗവുമായി ബന്ധപ്പെട്ട്) | ജൂൺ മാർച്ച് | എച്ച്.എസ് |

# ശാസ്ത്രപഠനം മികവിലേക്ക് -സയൻസ്

## ആമുഖം

നിരന്തരമായ അന്വേഷണത്തിലൂടെയാണ് ഇന്നത്തെ ശാസ്ത്രലോകം , രൂപപ്പെടുത്തിയിട്ടുള്ളത് .തുടരന്വേഷണങ്ങളാണ് നാളെയുടെ ശാസ്ത്ര വികാസത്തിൽ നിർണായകമാകുന്നത് .നിരീക്ഷിക്കാനും പരീക്ഷിച്ചു നോക്കാനും ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് പുതിയ കണ്ടെത്തലുകളിലേക്ക് നയിക്കുന്നു.ശാസ്ത്രത്തിന്റെ രീതി ബോധ്യപ്പെടുത്തുന്നതോടൊപ്പം അവ നിത്യ ജീവിതത്തിൽ പ്രയോഗിക്കാനുള്ള ശ്രമങ്ങൾക്ക് തുടർച്ചയുണ്ടാകണം ഒപ്പം പരിസ്ഥിതി സൗഹൃദമായ കാഴ്ചപ്പാടും രൂപപ്പെടുത്തേണ്ടതുണ്ട് .ചുറ്റുപാടുകളെ അറിയുന്നതിനും പ്രവർത്തനങ്ങളിൽ

ഏർപ്പെടുന്നതിനും വേണ്ടിയുള്ള അവസരങ്ങൾ വരുത്തുന്നത് തുടർപഠനത്തിന് സഹായകമാകും സ്വയം ചിന്തിക്കാനും ഊഹങ്ങൾ പങ്കു വയ്ക്കാനും ചുറ്റുപാടുകളെ നിരീക്ഷിക്കാനും പരീക്ഷണങ്ങൾ നടത്താനും അവസരങ്ങൾ ഒരുക്കുന്നു

ലക്ഷ്യങ്ങൾ

- ചുറ്റുപാടിനെ നിരീക്ഷിക്കാനുള്ള കഴിവ്,സഹജീവികളോടുള്ള അനുഭവ പൂർണമായ പെരുമാറ്റം വളർത്തൽ .
- ലഘു പരീക്ഷണങ്ങളും നിരീക്ഷണവും നടത്തി അപഗ്രഥനത്തിലൂടെ നിഗമനത്തിലെത്തിച്ചേരൽ
- വർഗീകരിക്കാനും താരതമ്യം ചെയ്യാനുമുള്ള ശേഷി നേടൽ .
- ശാസ്ത്രീയമായ കൃഷി രീതി നടപ്പിലാക്കൽ
- ശാസ്ത്രോപകരണങ്ങൾ സ്വയം നിർമ്മിക്കുക.
- ശാസ്ത്രജ്ഞരെയും അവരുടെ സംഭാവനകളെയും മനസിലാക്കുക .
- ലഘു പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
- വിഷ വിമുക്ത പച്ചക്കറി ഉത്പാദനം ,ആരോഗ്യമുള്ള കുട്ടികൾ രക്ഷിതാക്കൾ ,ജല സംരക്ഷണം, ജല ലഭ്യത, ബോധവത്കരണം
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
- പരിസ്ഥിതിയിൽ ജീവിക്കുന്ന ജീവികളെ സംരക്ഷിക്കാനും അവയുടെപ്രാധാന്യം മനസ്സിലാക്കാനുമുള്ള കഴിവുള്ളവരാക്കി മാറ്റുക
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക

## പ്രവർത്തനങ്ങൾ

- ശാസ്ത്ര ലാബ്

വിഷയ ബന്ധിതമായി ക്രമീകരിക്കുക ,പേരെഴുതി ഒട്ടിക്കുക, ലാബിൽ പാലിക്കേണ്ട നിർദേശങ്ങൾ ഉൾപ്പടെയുള്ള പോസ്റ്ററുകൾ ഒട്ടിക്കുക.

മൈക്രോസ്കോപ്പ് ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുക. ഉപകരണങ്ങളുടെയും രാസപദാർത്ഥങ്ങളുടെയും ലിസ്റ്റ് ഉൾപ്പടെയുള്ള രജിസ്റ്റർ സൂക്ക്ഷിക്കുക

- ക്ലാസ് ലാബ്

ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട (ഒന്നാം ടേം ) പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ (ക്ലാസ് മുറിയിൽ ചെയ്തു കാണിക്കേണ്ടവ ) ശേഖരിക്കലും വിഷയ അടിസ്ഥാനത്തിൽ തരം തിരിക്കലും

- ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ ജീവ ചരിത്ര കുറിപ്പുകൾ ദിനങ്ങളുടെ പ്രാധാന്യം തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പ്.ക്ലാസ് തലത്തിൽ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു .
- ക്ലാസ് തലത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് ,നിരീക്ഷണ കുറിപ്പുകൾ ,പരീക്ഷണ കുറിപ്പുകൾ മറ്റു ശാസ്ത്ര കുറിപ്പുകൾ -ഇവ ചേർത്ത് "എന്റെ സയൻസ് ഡയറി "വിലയിരുത്തലിനായി പ്രയോജനപ്പെടുത്തുന്നു .ക്ലാസ്സിൽ മെച്ചപ്പെട്ടത് സ്കൂളിലെ പൊതു മീറ്റിങ്ങുകളിൽ അവതരിപ്പിക്കുന്നു .

- സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനു വേണ്ടി സയൻസ് ക്ലബ് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് വസ്തുക്കൾ സ്കൂൾ പരിസരത്തു നിന്ന് ശേഖരിക്കുന്നു .പ്രത്യേക ബാരലിൽ സൂക്ഷിക്കുന്നു .
- ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കമ്പോസ്റ്റു കുഴി നിർമിക്കുന്നു .
- പ്രകൃതി പഠനം .ക്ലാസ്സ്റൂം പഠനത്തോടൊപ്പം ഒരുമിപ്പിക്കുന്നതിനായി പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കുന്നു. ശലഭങ്ങളെ ആകർഷിച്ച് എൽ.പി ക്ലാസിലെ കുട്ടികൾക്ക് പഠനം ലളിതമാക്കുന്നതിന് ശലഭ തോട്ടം തയ്യാറാക്കുന്നു.
- ഔഷധത്തോട്ടനിർമ്മാണം പച്ചക്കറിത്തോട്ടനിർമ്മാണം തുടങ്ങിയവ ക്ലബുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു.

- സ്കൂൾ പരിസരശുചീകരണം കൊതുകുനിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കുന്നു.
- ലഘു പരീക്ഷണത്തിലൂടെ കുടിവെള്ളത്തിന്റെ ശുദ്ധത തിരിച്ചറിയുന്നു.
- ശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ ഒന്നിടവിട്ട ആഴ്ച്ചകളിൽ ക്വിസ് നടത്തി അസംബ്ലിയിൽ സമ്മാനം നൽകുന്നു.
- ക്ലാസ്റൂം പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ഓരോ മാസത്തിലെയും അവസാന വെള്ളിയാഴ്ച അസംബ്ലിയിൽ കുട്ടികൾ പ്രദർശിപ്പിക്കുന്നു. ഉപകരണത്തിന്റെ വിശദീകരണവും കുട്ടികൾ നൽകുന്നു.
- പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ

## ശാസ്ത്രപഠനം മികവിലേക്ക്

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ശാസ്ത്രലാബ് | ജൂൺ,ജൂലൈ | ഒന്ന് മുതൽ പത്ത് വരെ | 10000 |
| 2 | ക്ലാസ് ലാബ് ശാസ്ത്ര ക്ലബ്ബ് | ജൂൺ | ഒന്ന മുതൽ പത്ത് വരെ | |
| 3 | ശാസ്തജ്ഞരുടെ മികവുകൾ- അസംബ്ലിയിൽ | എല്ലാ വെള്ളിയാഴ്ചയും | | |

| | | | | |
|---|---|---|---|---|
| 4 | പരീക്ഷണ മൂല | മാസത്തിലൊന്ന് | ഒന്ന് മുതൽ പത്ത് വരെ (ക്ലബ് ആക്ടിവിറ്റി) | |
| 5 | എന്റെസയൻസ് ഡയറി - മത്സരം (ശാസ്ത്രപുസ്തകങ്ങളുടെ പരിചയപ്പെടുത്തൽ) | മാസത്തിലൊന്ന് | എൽ.പി<br>യു.പി<br>എച്ച്.എസ് | |
| 6 | ശാസ്ത്ര ക്വിസ് | രണ്ടാഴ്ചയിലൊരിക്കൽ | ഒന്ന് മുതൽ പത്ത് വരെ | |
| 7 | പഠനോപകാരണങ്ങളുടെ പ്രവർത്തനം അസംബ്ലിയിൽ | മാസത്തിലൊന്ന് | | |
| 8 | കുട്ടികളുടെ കണ്ടെത്തലുകൾ - ശാസ്ത്രം | ജൂൺ മുതൽ മാർച്ച വരെ | | |

| | | | | |
|---|---|---|---|---|
| 11 | ശാസ്ത്ര ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ഒന്ന് മുതൽ പത്ത് വരെ | |
| 12 | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | ജൂൺ മുതൽ മാർച്ച് വരെ | ക്ലബ് ആക്ടിവിറ്റി | |
| 13 | കമ്പോസ്റ്റ്കുഴി നിർമ്മാണം | ജൂൺ | ക്ലബ് ആക്ടിവിറ്റി | |
| 14 | ജൈവവൈവിധ്യ ഉദ്യാനം | ജൂൺ മുതൽ ഓഗസ്റ്റ് വരെ | മൂന്ന് മുതൽ പത്ത് വരെ | |
| 15 | ഔഷധത്തോട്ട നിർമ്മാണം/പച്ച ക്കറിത്തോട്ട നിർമ്മാണം | ജൂൺ,ജൂലൈ | ക്ലബ് ആക്ടിവിറ്റി | |
| 16 | ഡ്രൈഡേ ആചരിക്കലും കുടിവെള്ളം സംരക്ഷിക്കലും | ആഴ്ചയിൽ ഒരുദിവസം | ക്ലബ് ആക്ടിവിറ്റി | |
| 17 | ശലഭത്തോട്ട നിർമ്മാണം | ജൂൺ | ക്ലബ് ആക്ടിവിറ്റി | |

| | | | |
|---|---|---|---|
| 19 | പ്രകൃതി നടത്തം | ഒക്ടോബർ | ഒന്ന് മുതൽ<br>പത്ത് വരെ |
| 20 | ശുദ്ധജലം<br>തിരിച്ചറിയാൻ<br>ലഘുപരീക്ഷണം | ജൂലൈ | ക്ലബ്<br>ആക്ടിവിറ്റി |

# സർഗ്ഗശേഷി വികസിപ്പിക്കാം

## ആമുഖം

ഓരോ കുട്ടികളുടെയും ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന ഒരു സുപ്രധാന ഘടകമാണ് സർഗ്ഗാത്മകത .സർഗ്ഗാത്മകത വളർത്തിയെടുക്കുന്നതിൽ അധ്യപകർക്കും രക്ഷാകർത്തകൾക്കും വളരെയേറെ പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ വിദ്യാലയ അന്തരീക്ഷത്തിൽ സർഗ്ഗാത്മകതക്ക് എത്രത്തോളം പ്രാധ്യാന്യം കൽപ്പിക്കുന്നു എന്നകാര്യം ചിന്തിക്കേണ്ടതായിട്ടുണ്ട്. കുട്ടികളിൽ വളർന്നു വരുന്ന കഴിവുകളുടെ വർച്ചയെ പ്രോത്സാഹിക്കേണ്ടത് കുടുംബ അന്തരീക്ഷത്തിൽ നിന്നാണ്. ഇന്നത്തെ കാലഘട്ടത്തിൽ അതിന് തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പിന്നോക്കാവസ്ഥയാണ്. വിദ്യാലയങ്ങളിൽ അധ്യാപക കൂട്ടായ്മയിലൂടെ ഒരു പരിധിവരെ കുട്ടികളെ മികവുകളുടെ പടവുകളിലേക്കുയർത്തുവാൻ സഹായിക്കുന്നുണ്ട്. കുട്ടികളിൽ ഉയർന്നുവരുന്ന ചെറിയ കഴിവുകൾ കണ്ടെത്തി അവർക്ക് വേണ്ടവിധത്തിലുള്ള പ്രോത്സാഹനം നൽകി വെളിച്ചത്തിൻറെ പാതയിലേക്ക് കൊണ്ടെത്തിക്കാനും അധ്യാപകർ പരിശ്രമിക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും വിദ്യാലയങ്ങളിൽ സർഗ്ഗാത്മക വിഷയങ്ങളുടെ അഭാവം ഒരു പോരായ്മയാണ്. ചില സ്കൂളുകളിൽ സംഗീതം,

ചിത്രരചന തുടങ്ങിയ പഠ്യേതര വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പല കുട്ടികൾക്കും കഴിവുകൾ ഏറെയുണ്ടെങ്കിലും അതിനെ മുന്നോട്ട് കൊണ്ടുവരാൻ രക്ഷകർത്താക്കൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുവദിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം .നമ്മുടെ ഈ വിദ്യാലയത്തെ സംബന്ധിച്ചടുത്തോളം പഠനത്തിൽ മാത്രം മികവ് പുലർത്തുന്ന കുട്ടികളല്ല കൂടുതലും. മറിച്ച് കല, കായിക പ്രവർത്തനങ്ങളിൽ താൽപര്യം കാട്ടുന്നവരാണ്. എന്നാൽ അതിനുള്ള അന്തരീക്ഷം വളരെ പരിമിതമാണ്. കഥകളിലൂടെയും, കളികളിലൂടെയും, രചനാമത്സരങ്ങളിലൂടെയും കുട്ടികളുടെ കഴിവുകൾ പുറത്തുകൊണ്ടുവരാൻ അധ്യാപകർ ആവുന്നത്ര പരിശ്രമിക്കുന്നുണ്ട്. മികച്ച പരിശീലനത്തിന്റെയും ചുറ്റുപാടുകളുടെയും അഭാവം കുട്ടികളിൽ വളർന്നുവരുന്ന സർഗ്ഗാത്മകതയുടെ നാമ്പുകൾ കണ്ടില്ലെന്നു നടിക്കുന്ന അവസ്ഥയിലേക്ക് വഴിമാറുന്നു. പഠനവിഷയത്തിൽ മുന്നോട്ടുനിൽക്കുന്ന കുട്ടികൾ ചിലപ്പോൾ മറ്റ് സർഗ്ഗാത്മഗക പ്രവർത്തനങ്ങളിൽ പിന്നിൽ നിൽക്കുന്നവരാണ്. പാട്ടുപാടൽ, ചിത്രംവര,കവിതാ രചന ഒരു പാഠഭാഗത്തിൻന്റെ ആസ്വാദനം തയ്യാറാക്കൽ എന്നിവയെല്ലാം സർഗ്ഗാത്മകത പ്രവർത്തനങ്ങളുടെ സുപ്രധാന ഘടകങ്ങളാണ്. ഇവയെല്ലാം നമ്മുടെ കുഞ്ഞുങ്ങളിൽ എത്രത്തോളം വളർത്തിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.വിദ്യാലയങ്ങളിൽ നിന്നുള്ള ചുറ്റുപാടുകൾ ഒരുക്കേണ്ടതും അധ്യാപക രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതും അത്യാവശമാണ്.

ലക്ഷ്യങ്ങൾ

- കുട്ടികളുടെഅഭിരുചികൾ തിരിച്ചറിയുക
- ആവശ്യത്തിനനുസച്ചുള്ള പ്രോത്സാഹനം നൽകുക
- മികവിനനുസരിച്ച് സബ്ജില്ലാ ,ജില്ലാ,സംസ്ഥാനതലം വരെ എത്തിക്കാൻ ആവശ്യമായ കൈത്താങ്ങ് കൊടുക്കുക

- പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി നാടൻപാട്ടിൽ ഏറ്റവും മികവുപുലർത്തുക

## പ്രവർത്തനങ്ങൾ

- കുട്ടികളുടെ അഭിരുചി തിരിച്ചറിയാനായി വിവിധ കലാപരിപാടികളുടെ ഒരു പ്രീ - ടെസ്റ്റ് നടത്തുന്നു.
- വിവിധ ക്ലാസുകളിൽ ഒരേ അഭിരുചിയിൽ മികവുകാണിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി വിവിധ ഗ്രൂപ്പുകളാക്കുന്നു.
- ഈ ഗ്രൂപ്പുകളെ ഉൾപ്പെടുത്തി ആർട്സ് ഗ്രൂപ്പ് ,തയാറാക്കുന്നു.എൽ.പി,യു.പി,എച്ച്.എസ് വിഭാഗത്തിലെ മൂന്ന് അധ്യാപകർക്ക് ചുമതലനൽകുന്നു.
- പ്രഗത്ഭരായ വിദ്യാർത്ഥികളെ സ്കൂളിൽ പ്രയോജനപ്പെടുത്തി കുട്ടികൾക്കാവശ്യമുള്ള പരിശീലനം നൽകുന്നു.
- വിദ്യാരംഗം ക്ലബ്ബിന്റെ മുഖ്യ അജണ്ടയായി രചനാവൈഭവം,നാടൻപാട്ട് ജനമനസ്സിൽ എന്ന പരിപാടി ഏറ്റെടുത്ത് മെച്ചപ്പെടുത്തുന്നു.
- വാലിപ്പാറ പ്രവർത്തിക്കുന്ന "ഉറവ്" സാംസ്കാരിക സംഘടനയുടെ സഹായം പ്രയോജനപ്പെടുത്തുന്നു.
- എല്ലാ വെള്ളിയാഴ്ചയും അവസാന പിരീഡ് സർഗ്ഗവേദിക്കായി നീക്കിവെക്കുന്നു.
- രക്ഷകർത്താക്കളുടെ ഒരു കൂട്ടായ്മയും ആർട്സ് ക്ലബിന് പ്രയോജനപ്പെടുത്തുന്നു.

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|
| 1 | കുട്ടികളെ അവരുടെ അഭിരുചിക്കനുസരിച്ച് കണ്ടെത്തുന്നു,തരംതിരിക്കുന്നു | ജൂൺ | ഒന്ന് മുതൽ പത്ത് വരെ | 10000 |
| 2 | പ്രഗത്ഭരായ വ്യക്തിത്വങ്ങളെ സ്കൂളിൽ പ്രയോജനപ്പെടുത്തി കുട്ടികളെ മികച്ച നിലവാരത്തിൽ എത്തിക്കുക | ആറ് മാസം ജൂൺ മുതൽ നവമ്പർ വരെ | ഒന്ന് മുതൽ പത്ത് വരെ വിദ്യാരംഗം ആർട്സ്ക്ലബ് | |
| 3 | മാറ്റുരക്കൽ | നവമ്പർ | ഒന്ന് മുതൽ പത്ത് വരെ | |
| 4 | രചനാവൈഭവം മെച്ചപ്പെടുത്തൽ | ജൂൺ മാർച്ച് മുതൽ വരെ | ഒന്ന് മുതൽ പത്ത് വരെ | |
| 5 | നൃത്തം,നാട്യം,നടനം ഇവക്ക് പ്രോത്സാഹനംനല്കി മികവിലെത്തിക്കുക | | ഒന്ന് മുതൽ പത്ത് വരെ | |

| | |
|---|---|
| 8 | ഐ. ടി മേളകൾ യഥോചിതം സംഘടിപ്പിച്ച് കുട്ടികളുടെ സാങ്കേതിക പരിജ്ഞാനം വർധിപ്പിക്കുന്നു. |

# മൂല്യബോധവും സാമൂഹ്യബോധവും വികസിപ്പിക്കുന്നതിന് സ്കൂളിൽ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ

## ആമുഖം

വിദ്യാഭ്യാസപരമായി നാം ഏറെ മുന്നിലാണെങ്കിലും കുട്ടികളിൽ മൂല്യബോധം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. സഹജീവികളോടുള്ള സ്നേഹം,സഹാനുഭൂതി,കാരുണ്യം,സഹകരണ മനോഭാവം, സഹനശക്തി, പ്രശ്നങ്ങൾ ഏറ്റെടുക്കൽ, സാഹചര്യങ്ങളോട് പൊരുത്തപ്പെടൽ തുടങ്ങിയ മൂല്യങ്ങൾ ഇന്ന് ക്ഷയിച്ചു വരുന്നു. ഇതിന്റെ ഫലമായിത്തന്നെയാണ് വൃദ്ധസദനങ്ങളുടെ എണ്ണം കൂടുന്നതും, അറപ്പുളവാക്കുന്നതും, മനസാക്ഷിയെ ഞെട്ടിക്കുന്നതുമായ സംഭവപരമ്പരകൾ ഉണ്ടായികൊണ്ടിരിക്കുന്നതും. ഇതിന് ഒരു പരിഹാരമെന്നനിലയിൽ സ്കൂൾ തലത്തിൽ കുട്ടികൾക്ക് മൂല്യബോധം വളർത്താൻ ചില പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ലക്ഷ്യങ്ങൾ

- കുട്ടികളിൽ നന്മബോധം തിരിച്ചറിയാനുള്ള അവസരം ഒരുക്കുന്നു.

- മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കുന്നതിനും ,അവസരോചിതമായി സഹായസഹകരണങ്ങൾ ചെയ്യുന്നതിനും പ്രാപ്തരാക്കുക.
- ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ പ്രാപ്തരാക്കുക.
- സ്നേഹം,സഹാനുഭൂതി തുടങ്ങിയ മഹത് ചിന്തകൾക്ക് അവസരം ഒരുക്കുന്നു.

## പ്രവർത്തനങ്ങൾ

- അസംബ്ലിയിൽ ഇന്നത്തെ ചിന്താവിഷയം (ഗുണപാഠ കഥകൾ)ഉൾപ്പെടുത്തുന്നു.
- സാന്മാർഗിക ചിന്തകൾ നേർത്തുന്ന ബോധവൽക്കരണ ക്ലാസുകളിലൂടെ കുട്ടികളിൽ ആത്മവിശ്വാസവും,സദ് ചിന്തയും ഉണർത്തുന്നു.
- 'ഞാൻ ചെയ്ത നന്മ" എന്ന പ്രവർത്തനം ഓരോ ക്ലാസ്സിലും സംഘടിപ്പിക്കുന്നു.ഏറ്റവും മെച്ചപ്പെട്ട നന്മ ചെയ്തകുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുന്നു.
- എന്റെ നല്ല കൂട്ടുകാരൻ"എന്ന പ്രവർത്തനം നടപ്പിലാക്കുന്നു. ക്ലാസിലെ കുട്ടികളെ മൂന്ന് ഗ്രൂപ്പാക്കുന്നു. ആ മാസം അവരാണ് കൂട്ടുകാർ. അതിലെ ഏറ്റവും നല്ല കുട്ടികരനെ തിരഞ്ഞെടുക്കുവാൻ ഓരോ കുട്ടിക്കും സ്വാതന്ത്ര്യമുണ്ട്. അവരുടെ പെരുമാറ്റ രീതിയും, ഇടപെടലുകളും, മറ്റ് ഗുണങ്ങളും കൂട്ടുകാരനെ തിരഞ്ഞെടുക്കുന്നതിൽ പ്രയോജനപ്പെടുത്തണം. നല്ല കൂട്ടുകാരന്റെ ഗുണങ്ങൾ വെളിവാക്കികൊണ്ട് കൂട്ടുകാരനെ പ്രഖ്യാപിക്കുന്നു.
- ജെ.ആർ.സി ഉൾപ്പെടുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സ്കൂൾ പരിസരത്തുള്ള ഏതെങ്കിലും സ്ഥാപനം സന്ദർശിച്ച് ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു.

- 'പലതുള്ളി പെരുവെള്ളം" എന്ന പദ്ധതി ആവിഷ്കരിക്കുന്നു.- സഹജീവികളോട് സഹാനുഭൂതി വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി നിർധരും, നിരാലംബരും ആയവരെ സഹായിക്കുന്നതിനുവേണ്ടി കുട്ടികൾ സ്വമേധയാ ക്ലാസിലെ നിധിപ്പെട്ടിയിൽ കഴിയുന്ന പൈസ നിക്ഷേപിക്കുന്നു.
- വൃദ്ധസദനം സന്ദർശിക്കൽ, കിടരോഗികളെ സഹായിക്കൽ - പലതുള്ളിപെരുവെള്ളം പദ്ധതിയിലൂടെ സമാഹരിച്ച തുക സ്കൂൾ ആനിവേഴ്സറിയോടനുബന്ധിച്ച് അർഹരായവർക്ക് നൽകുന്നു.

മൂല്യബോധവും സാമൂഹ്യബോധവും കുട്ടികളിൽ വികസിപ്പിക്കുന്നതിന് സ്കൂൾ നടത്തുന്ന പ്രവർത്തനങ്ങൾ

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|
| 1 | നന്മമൊഴി അസംബ്ലി | ജൂൺ,ജൂലൈ | ഒന്ന് മുതൽ പത്ത് വരെ | 6000 |
| 2 | പ്രഗത്ഭരുമായി കൂടിക്കാഴ്ച്ച | മാസത്തിൽ ഒന്ന് (ജൂൺ - മാർച്ച്) | ഒന്ന് മുതൽ പത്ത് വരെ | |
| 3 | ഞാൻചെയ്ത നന്മ ക്ലാസിൽ അവതരണം | ഓരോ ടേമിലും ഓരോന്ന് | ഒന്ന് മുതൽ പത്ത് വരെ | |

| | | | | |
|---|---|---|---|---|
| 4 | എന്റെ നല്ല കൂട്ടുകാരൻ ഗ്രൂപ്പ് അവതരണം | മാസത്തിൽ ഒന്ന് | ഒന്ന് മുതൽ പത്ത് വരെ | |
| 5 | ജെ.ആർ.സി യുടെ സഹായത്തോടെ ഏതെങ്കിലും ഒരു സ്ഥാപനം സന്ദർശിച്ച് ശുചീകരണ പ്രവർത്തനം | മാസത്തിൽ ഒന്ന് | ഒന്ന് മുതൽ പത്ത് വരെ | |
| 6 | ഡോക്കുമെന്റേഷൻ തയാറാക്കലും,അവതരണവും | വാർഷിക ദിനം | ഒന്ന് മുതൽ പത്ത് വരെ | |
| 7 | വൃദ്ധസദനങ്ങൾ സന്ദർശിക്കൽ | മാർച്ച് | ഒന്ന് മുതൽ പത്ത് വരെ | |
| 8 | പലതുള്ളി പെരുവെള്ളം പദ്ധതി ആവിഷ്കരിക്കുന്നു | ജൂൺ - മാർച്ച് | ഒന്ന് മുതൽ പത്ത് വരെ | |

# ഭിന്നശേഷി വിദ്യാഭ്യാസം

ഭിന്നശേഷയുള്ള വിദ്യാർത്ഥികൾക്ക് എസ്.എസ്.എ.യുടെ നേതൃത്വത്തിൽ ബി.ആർ.സി വഴി സ്കൂൾ തല സർവ്വേ നടത്തി കുട്ടികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വാട്ടർബെഡ്സ്, വീൽചെയർ ,കണ്ണടകൾ, ഓർത്തോട്ടിക്സ് ഇവ സൗജന്യമായി നൽകുന്നു.കൂടാതെ യാത്ര സഹായം,സ്കോളർഷിപ്പ് ,റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇവ നൽകുന്നു.

ലക്ഷ്യം

ഭിന്നശേഷിയുള്ള കുട്ടികൾക്ക് എഴുത്ത് ,വായന,ഗണിതം എന്നീ വിഷയങ്ങളിൽ അടിസ്ഥാനശേഷി നൽകുന്നതിനും ക്ലാസ്തല പ്രവർത്തനങ്ങളിൽ പാഠഭാഗങ്ങളിൽ ഇവർക്ക് ആവശ്യമായ അനുരൂപീകരണ പ്രവർത്തനവും നൽകിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.(റാമ്പ് സ്കെയിൽ, സീറ്റിങ് അറേഞ്ച്മെൻറ്). അക്കാദമിക വിഷയത്തിൽ പ്രത്യേക ടെസ്റ്റ് ബുക്കുകൾ തയ്യാറാക്കുക,പ്രത്യേക ചോദ്യപേപ്പറുകൾ തയ്യാറാക്കുക,പ്രത്യേക പഠനോപകരണങ്ങൾ സജ്ജമാക്കുക,വർക്ക് എക്സ്പീരിയൻസ് പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.കലാകായിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക, കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തുക,യോഗ-തെറാപ്പി പ്രവർത്തനങ്ങൾ നൽകുക, ഓരോ സ്കൂളിലും റിസോഴ്സ് റൂം സജ്ജമാക്കുക,വൊക്കേഷണൽ(തൊഴിൽവിദ്യാഭ്യാസം)ട്രെയിനിങ് നൽകണം. പി.ടി.എയിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാവിനെ ഉൾപ്പെടുത്തുക. കലാകായിക മത്സരങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് സബ്-ജില്ലാ തലത്തിലും ഇവരെ ഉൾപ്പെടുത്താനുള്ള അവസരം നൽകുക.

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|
| 1 | വിദ്യാർത്ഥികളെ കണ്ടെത്തുക | ജൂൺ | ഒന്ന് മുതൽ പത്ത് വരെ | 4000 |
| 2 | ഭവന സന്ദർശനം | ജൂലൈ | ഒന്ന് മുതൽ പത്ത് വരെ | |
| 3 | അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ | ജൂലൈ, ഓഗസ്റ്റ് | ഒന്ന് മുതൽ പത്ത് വരെ | |
| 4 | മോട്ടിവേഷൻ ക്ലാസ് | ഓഗസ്റ്റ് | ഒന്ന് മുതൽ പത്ത് വരെ | |
| 5 | കൈത്താങ്ങ്-ക്ലാസ് തലത്തിൽ | | ഒന്ന് മുതൽ പത്ത് വരെ | |
| 6 | പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | | ഒന്ന് മുതൽ പത്ത് വരെ | |

# പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന - വിദ്യാലയ മികവിന്

## ആമുഖം

ഇന്നത്തെ കാലഘട്ടത്തിൽ പെൺകുട്ടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.ചൂഷണത്തിന്റെയും,സുരക്ഷിതത്വമില്ലായ്മയുടെയും ,കാര്യ പ്രാപ്തി ഇല്ലാത്തതിന്റെയും കാരണത്താലാണ് ഈ പ്രശ്നങ്ങളെ അവർ അഭിമുഖീകരിക്കേണ്ടി വരുന്നത്.ഇതിന് ഒരുമാറ്റം അനിവാര്യമാണ്.അതിനായി സ്കൂൾതലത്തിൽ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകഴിഞ്ഞു. വരുന്ന രണ്ട് വർഷംകൊണ്ട് ഇതിന് കാതലായ മാറ്റം വരുത്തി പെൺകുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയും എന്നതാണ് ഞങ്ങളുടെ പ്രതീക്ഷ.

### ലക്ഷ്യങ്ങൾ

- സ്വന്തം ശരീരസംരക്ഷണം, ആരോഗ്യസംരക്ഷണം, പെരുമാറ്റരീതികൾ, ഇടപെടലുകൾ, അച്ചടക്കം ഇവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക
- കൗമാര പ്രായക്കാരുടെ നിരന്തര പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.
- അമ്മമാരുടെ ബോധവത്കരണത്തിനായി ക്ലാസുകൾ സംഘടിപ്പിക്കുക.
- ഹെൽപ്പ് - ഡസ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.
- ,യോഗ കരാട്ടെ പരിശീലന ക്ലാസുകളിൽ പെൺകുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക.
- തനിക്ക് ചുറ്റുമുള്ള മികച്ച മേഖലകളിൽ എത്തിച്ചേർന്ന വനിതകളുടെ ചരിത്രം അറിയുക.

- സ്വയം പര്യാപ്തതയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധരാക്കുക .
- ഐ.സി.ടി സാധ്യത ഉപയോഗിച്ച് ചുറ്റുപാടുകളിലെ നേരറിവ് സ്വായത്തമാക്കുക.

## പ്രവർത്തനങ്ങൾ

- അടുത്ത അധ്യയന വർഷത്തെ ആദ്യ എസ്.ആർ.ജി യോഗത്തിൽ " പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന വിദ്യാലയ മികവിന്" എന്ന ലക്ഷ്യ സാക്ഷാകാരത്തിനുവേണ്ടി എൽ.പി.,യു.പി,എച്ച്.എസ് വിഭാഗത്തിൽ നിന്ന് ഓരോ അധ്യാപികമാരെ ചുമതലപെടുത്തികൊണ്ട് എം .പി.ടി.എ ചെയർപേഴ്സൺ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുന്നു.' 'ജാഗ്രത" എന്ന ഈ സമിതിയിൽ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ചയും തീരുമാനങ്ങളും എടുക്കുന്നു.
- ജൂൺ ആദ്യ ആഴ്ചയിൽ പെൺകുട്ടികൾക്കുവേണ്ടി ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുന്നു. വിഷയം "അവരുടെ ശരീരം അറിയാൻ" ആരോഗ്യസംരക്ഷണത്തിനായി എന്തുചെയ്യാം?പെൺകുട്ടികൾ അറിഞ്ഞിരിക്കേണ്ട പെരുമാറ്റ രീതികളും ഇടപെടലുകളും "അച്ചടക്കം എന്തുകൊണ്ട്,എന്തിന് - ഈ വിഷയങ്ങളെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

- ആഗസ്ററ്മാസത്തിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ്.
- പെൺകുട്ടികളുടെ അമ്മമാരെ ഉൾപ്പെടുത്തിക്കൊണ്ട് "'അമ്മ അറിയാൻ' എന്ന ബോധവത്കരണക്ലാസ് സംഘടിപ്പിക്കുന്നു.

- സ്കൂൾ ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ പെൺകുട്ടികൾ നേരിടുന്ന പ്രശ്നപരിഹാരത്തിനായി ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം ജൂൺ മുതലേ കാര്യക്ഷമമാക്കുന്നു.
- പെൺകുട്ടികളുടെ ആരോഗ്യവും,ആത്മവിശ്വാസവും,പ്രതിരോധശേഷിയും വർധിപ്പിക്കുന്നതിനായി സ്കൂൾ സംഘടിപ്പിച്ചിട്ടുള്ള യോഗ- കരാട്ടെ ക്ലാസുകളിൽ കൃത്യമായി കുട്ടികൾ പങ്കെടുക്കുന്നതിന് സ്കൂൾ ജാഗ്രതാസമിതിയുടെ ഇടപെടലുകൾ ഊർജ്ജിതമാക്കുന്നു.
- സമൂഹത്തിൽ ഉന്നത നിലയിൽ എത്തിച്ചേർന്ന (വിവിധ മേഖലകളിൽ)പ്രശസ്ത വനിതകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.ഇവരുടെ ജീചരിത്രം അസംബ്ലിയിൽ അവതരിപ്പിച്ചുകൊണ്ട് പെൺകുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നു.
- പെൺകുട്ടികളെ സ്വയംപര്യാപ്തമാക്കുന്നതിനും,കായികശേഷി വികസിപ്പിക്കുന്നതിനും വേണ്ടി പൂന്തോട്ടനിർമ്മാണം,ലാബ് ഒരുക്കൽ,വേസ്റ്റ് കുഴി നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നു.
- ദിനാചരണങ്ങളോടനുബന്ധിച്ച് ഐ.ടി.സി പ്രയോജനപ്പെടുത്തി സ്ത്രീ ശക്തി വ്യക്തമാക്കുന്ന ഡോക്യുമെന്ററികളും ഷോർട് ഫിലിമും പ്രദർശിപ്പിക്കുന്നു.

# പ്രവർത്തന വിശകലനം

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ബോധവത്കരണ ക്ലാസ് | ജൂൺ | സ്കൂൾ ജാഗ്രത സമിതി | 4–10 | 4000 |
| 2 | ആരോഗ്യവിദ്യാഭ്യാസ ക്ലാസ് | ജൂലൈ | അദ്ധ്യാപകർ | 4–10 | |
| 3 | കൗമാരപ്രായക്കാരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും(ബോധവത്കരണ ക്ലാസ്) | ഓഗസ്റ്റ് | നേഴ്സ്,,ഡോക്ടർ | 5–10 | |
| 4 | 'അമ്മ അറിയാൻ | ഓഗസ്റ്റ് | സ്കൂൾ ജാഗ്രത സമിതി | 1–10 | |
| 5 | ഹെൽപ്പ് ഡെസ്ക്ക് | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ജാഗ്രത സമിതി | 3–10 | |

| | | | | | |
|---|---|---|---|---|---|
| 6 | യോഗാ - കരാട്ടെ പരിശീലന ക്ലാസ് | ജൂലൈ മുതൽ ഫെബ്രുവരി വരെ | ട്രെയ്നേഴ്സ് | 5–10 | |
| 7 | പ്രശസ്ത വനിതകളുടെ ചരിത്രാവതരണം - അസംബ്ലിയിൽ | മാസത്തിലൊരിക്കൽ | വിദ്യാർത്ഥിനികൾ | 4–10 | |
| 8 | സ്വയംപര്യാപ്ത പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാർഥികൾ | 6–10 | |
| 9 | ഐ.ടി.സി യിലൂടെ മികവിലേക്ക് | ഓഗസ്റ്റ് 15 ഒക്ടോബർ 2 ജനുവരി 26 | ഐ.ടി എക്സ്പെർട്ട് | 1–10 | |

# ഇംഗ്ലീഷ്

## ആമുഖം

ആഗോള ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം ശക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇംഗ്ലീഷ് ഭാഷ, വായന , ലേഖനം, മറ്റ് വ്യവഹാര രൂപങ്ങളിലൂടെ പരമാവധി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെ സംസാരിക്കുന്നതിനും ജീവിത വിജയം നേടുന്നതിനും ഈ സംരംഭം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാ പഠനനത്തിൽ സവിശേഷ സ്വഭാവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലുംപരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ഭാവാത്മക വായന പരിശീലിപ്പിക്കുന്നു

- ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ കഴിവ് നേടുക.
- ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ഐ.ടി യുടെ സാദ്ധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- ഇംഗ്ലീഷ് ഭാഷാപഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപക ശാക്തീകരണം
- സി.ഡബ്ല്യു.സി.എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും നേടുക.
- കരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു.

# പ്രവർത്തനങ്ങൾ

- പദസമ്പത്ത് സ്വായത്തമാക്കൽ

  ദിവസേന പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ

- വായനാശീലം വളർത്തൽ

  ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ഫലപ്രദമായ ഉപയോഗപ്പെടുത്തൽ

- സ്കൂൾ അസംബ്ലിയിൽ ഇംഗ്ലീഷ് പത്രവായന ആഴ്ചയിൽ ഒരു ദിവസം

- വായന കുറിപ്പ് തയ്യാറാക്കൽ-മാസത്തിൽ ഒരിക്കൽ വായന ചർച്ച, വായന കൂട്ടം
- ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാൻ നേതൃത്വം നൽകൽ- ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ്ചർച്ചകൾ.
- ഭാഷയുടെ ശരിയായ ഉപയോഗത്തിനായി അവർക്ക് അവതാരകർ പ്രാസംഗികർ ആകാൻ അവസരം നൽകൽ.
- ഭാഷയുമായി ബന്ധപ്പെട്ട കളികൾ അവതരിപ്പിക്കൽ,Roleplay Skit അവതരണം
- ക്ലാസ് റൂം ലൈബ്രറി കുട്ടികളുടെയും അദ്ധ്യാപകരുടെയും സഹായത്തോടെ രൂപീകരിക്കൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക | 6 മാസം | 1–10 വരെ | 8000 |
| 2 | കുട്ടികളിൽ വായനശീലം വളർത്തുക | എല്ലാ മാസവും | 1–10 വരെ | |
| 3 | കുട്ടി തെറ്റില്ലാതെ ഇംഗ്ലീഷ് വ്യവഹാരങ്ങൾ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കൽ | എല്ലാ മാസവും | 1–10 വരെ | |
| 4 | കുട്ടിക്ക് ശരിയായ രീതിയിൽ ഉച്ചാരണത്തോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാനുള്ള കഴിവ് | ജൂൺ മുതൽ ഡിസംബർ വരെ | 1–10 വരെ | |

| | | | | |
|---|---|---|---|---|
| 5 | ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ട് കൊണ്ടുവരുന്നതിലേക്ക് | 2 മാസം | 1–10 വരെ | |
| 6. | പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുന്നതിലേക്ക് | ജൂൺ മുതൽ ഡിസംബർ വരെ<br><br>ജൂൺ മുതൽ ഡിസംബർ വരെ | 1–10 വരെ<br><br>1–10 വരെ | |
| 7. | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നന്നതിനായി ഇംഗ്ലീഷ് കഥപറയൽ, റോൾപ്ലേയ് നാടകം, ഡേ ആചരണം, പ്രസംഗം എന്നിവ | 6 മാസം | UP HS | |

## വിദ്യാലയവികസന മാസ്റ്റർപ്ലാൻ

### പ്രീ -പൈമറി

നമ്മുടെ പരിസരത്ത് പ്രവർത്തിക്കുന്ന ഏതൊരു പ്രീ-പ്രൈമറി സ്ഥാപനത്തെക്കാളും ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് നൽകണം എന്നതാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം

2018 മുതൽ പഠനപുരോഗമനത്തിനയി രക്ഷകർത്താക്കളുടെ സഹകരണത്തിലൂടെ പാഠപുസ്തകങ്ങൾ ഉപയോഗിച്ച് പഠനം മെച്ചപ്പെടുത്താൻ തീരുമാനിച്ചു.

വിദ്യാർത്ഥികൾക്ക് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടുകൂടിയുള്ള പഠനം സാധ്യമാക്കാൻ വേണ്ടിയുള്ള തീരുമാനവും പൊതുവിദ്യാലയങ്ങളിൽ സർക്കാർ നടപ്പിലാക്കി വരുന്നു.

മുൻവർഷങ്ങളിൽ നമ്മുടെ സ്കൂളുകളിൽ കംബ്യൂട്ടർ ഉപയോഗിച്ച് കുഞ്ഞുങ്ങളുടെ മാനസിക ഉല്ലാസത്തിനും അവരുടെ ബൗദ്ധീക വികാസത്തിന് വേണ്ടിയുള്ള പഠനങ്ങൾ നടത്തിവരുന്നു.അത് തുടർന്ന് നടത്തികൊണ്ട്പോകാൻ തീരുമാനിച്ചിട്ടുണ്ട്.

ഇപ്പോൾ നമ്മുടെ സ്കൂളിൽ ആവശ്യാനുസരണം കെട്ടിടങ്ങളും ക്ലാസ്മുറികളും ഉള്ളതിനാൽ നല്ല ക്ലാസ്മുറികളിൽ ഇരുന്ന് കുഞ്ഞുങ്ങൾക്ക് പഠിക്കാനും ഉറങ്ങാനും ഒക്കെയുള്ള സംവിധാനം ഉണ്ട്.

ക്ലാസ്മുറികൾ ചുമർചിത്രങ്ങളോടുകൂടി നിർമ്മിതമാക്കാൻ തിരുമാനമുള്ളതിനാൽ കുഞ്ഞുങ്ങൾക്ക് നിരീക്ഷണ പാഠവത്തിനും ചിന്താശേഷി വർദ്ധിപ്പിക്കുന്നതുനുമുള്ള അവസരങ്ങൾ പൊതുവിദ്യാലയങ്ങളിലെ നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും.

വിശേഷപ്പെട്ട ദിവസങ്ങൾ ഉദാഹരണമായി സ്വാതന്ത്രദിനം, റിപ്പബ്ലിക്ദിനം ശിശുദിനം പോലുള്ള ദിവസങ്ങളിൽ നടത്തുന്ന പരിപാടികളിലും പ്രീ-പ്രൈമറി തലം മുതലുള്ള കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കുകയും അതിലൂടെ അതിൻറെ പ്രാധാന്യത്തെക്കുറിച്ച് കുഞ്ഞുങ്ങളെ ബോധവാന്മാരാക്കുവാനും പൊതുവിദ്യാലയങ്ങളിൽ സാധിക്കുന്നു.

മറ്റുസ്കൂളുകളിൽ നടത്തുന്നതുപോലുള്ള ടേം എക്സാമിനേഷൻ നമ്മുടെ സ്കൂളിലും നടത്തി വീടുകളിൽ റിപ്പോർട്ട്കൊടുത്തുവിടുന്നു.

# മികവുകൾ

2022 23 അധ്യയന വർഷത്തിൽ നൂറു ശതമാനം വിജയം നേടാൻ നമുക്ക് സാധിച്ചു,

ഈ വർഷം മുതൽ കുട്ടികളുടെ ഐ .ടി പരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്വേണ്ടി ലിറ്റിൽ കൈറ്റ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

ഇന്നത്തെ ചിന്താവിഷയം , നന്മ മൊഴി, ചോദ്യോത്തരവേള , മഹത് വചനങ്ങൾ,പത്രവാർത്ത, പ്രശ്നോത്തരി , വിവിധകലാരൂപങ്ങളെ പരിചയപ്പെടുത്തൽ മുതലായ പ്രവർത്തനങ്ങൾ അസ്സംബ്ലിയിൽ ചിട്ടയോടെ നടന്നു വരുന്നു.

USS സ്കോളർഷിപ് 2021 അധ്യയന വർഷത്തിൽ ദേവാഞ്ജന എന്ന കുട്ടിക്ക് ലഭിച്ചു.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കായിക ഇനത്തിൽ ബാഡ്മിന്റൺ ഉപജില്ലാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ പത്താം ക്ലാസ് വിദ്യാർത്ഥിയായ ആനന്ദിന് കഴിഞ്ഞു.

2022 23 അധ്യയന വർഷത്തിൽ എറണാകുളത്തു നടന്ന സംസ്ഥാന ശാസ്ത്രോത്സവം പ്രവർത്തിപരിചയ മേളയിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും നേടാൻ പത്താം ക്ലാസ് വിദ്യാർത്ഥിയായ ഷിനുവിന് കഴിഞ്ഞു.

ശാസ്ത്രമേള ജില്ലാതലത്തിൽ സോഷ്യൽ സയൻസ് വിഭാഗങ്ങൾക്ക് പ്രാദേശിക ചരിത്ര രചനയിൽ സി ഗ്രേഡ് നേടാൻ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി ട്രിൻസി ക്ക് സാധിച്ചു .

ഈ വർഷത്തെ സബ്ജില്ലാതല ക്രിക്കറ്റ് മത്സരത്തിൽ പത്താം ക്ലാസ്സിലെ അഷ്ക്കർഷാൻ, ഒൻപതാം ക്ലാസിലെ ബോധി ദ്രാവിഡ് എന്നിവർ മികച്ച രീതിയിൽ കളിക്കുകയും അവരെ സെലെക്ഷൻ ക്യാമ്പ് ലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.

കുട്ടികളിലെ കായിക ശേഷി വികസനം ,ചിന്താശേഷി വികസിപ്പിക്കാൻ, ഏകാഗ്രത വർധിപ്പിക്കൽ , പെൺകുട്ടികളുടെ ശാരീരിക സുരക്ഷ ഉറപ്പാക്കൽ എന്നിവയ്ക്കുവേണ്ടി വിവിധതരത്തിലുള്ള ട്രെയിനിങ്ങുകൾ അവർക്കു നൽകിവരുന്നു

സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ജൈവ അജൈവ മാലിന്യങ്ങളെ തരംതിരിച്ചു ശേഖരിക്കുന്നതിനും കഴിവുള്ള പരിസ്ഥിതി ബോധമുള്ള വിദ്യാർഥിസമൂഹത്തെ വാർത്തെടുക്കുന്നതിനും ഞങ്ങൾക്ക് കഴിഞ്ഞു,

# മികവുകൾ

സത്യസായി സേവാ ട്രസ്റ്റിന്റെ സഹകരണത്തോടെ സ്കൂളിലെ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്ന സംരംഭം ഇപ്പോഴും തുടർന്ന് വരുന്നു.

ദിനാചരണങ്ങളുടെ മഹത്വം ഏറ്റെടുത്തു പ്രസ്തുത ദിനങ്ങളിൽ കുട്ടികൾ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് ഗാന്ധിദർശൻ ക്ലബ്ബിന്റെ ഭാഗമായി "അമൃതോത്സവം" എന്ന പ്രവർത്തനം ഗംഭീരമായി നടത്തുകയും വീടുകളിൽ അന്നേദിവസം കുട്ടികൾ ദീപം തെളിയിക്കുകയും ചെയ്തു.

സ്കൂളിലെ നിർധനരും നിലാരംബരും കിടപ്പുരോഗികളുമായ രക്ഷകർത്താക്കളെ നേരിട്ടുകാണുന്നതിനും കഴിയുന്നസഹായങ്ങൾ ചെയ്തുകൊണ്ട് മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാർഥി സമൂഹത്തെ വാർത്തെടുക്കാനും സാധിച്ചു.

ക്ലാസ് പി .ടി.എ കളിൽ രക്ഷകർത്താക്കളുടെ സാന്നിധ്യക്കുറവ് ഒരു പ്രശ്നമായി അനുഭവപ്പെട്ടെങ്കിലും ഞങ്ങൾ സംഘടിപ്പിച്ച കോർണർ പി.ടി.എ കളിൽ പ്രത്യേകിച്ച് പാങ്കാവ് പോലുള്ള വനപ്രദേശങ്ങളിൽ രക്ഷകർത്താക്കളുടെ പൂർണ്ണമായ സഹകരണങ്ങൾ ഉണ്ടാവുകയും അതൊരു മികച്ച നേട്ടമായി ഞങ്ങൾ കാണുകയും ചെയ്യുന്നു.

വിവിധ കൗൺസിലിംഗ് ക്ലാസ്സുകളിലൂടെ കുട്ടികളിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ചു ബോധവാന്മാരാക്കുന്നതിനു കഴിഞ്ഞു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ BRC തലത്തിൽ വിവിധ കലാപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും സമ്മാനങ്ങൾ നേടുന്നതിനും കഴിഞ്ഞു.

കുട്ടികളുടെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ആയുർവ്വേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

ഡിജിറ്റൽ ലൈബ്രറി എന്ന സങ്കല്പം സാക്ഷാത്കരിക്കപ്പെട്ടു.

- ഐ.സി.ടി പഠനമികവിലേക്കും,സ്മാർട്ട് ക്ലാസ്മുറികളുടെ സ്വപ്നസാക്ഷാത്കാരത്തിനു പുതുതായി നാല് ലാപ്ടോപ്പുകൾ,നാല് പ്രൊജക്ടറുകൾ എന്നിവ കേരള ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ വിഭാഗത്തിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

# കായിക വിദ്യാഭ്യാസമികവ്

## ആമുഖം

ഇന്ന് ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പഠനവിഷയത്തോടൊപ്പംതന്നെ തുല്യ പ്രാധാന്യം ആണ് ഉള്ളത്.അതിനാൽ ചെറിയ ക്ലാസ്മുതൽ തന്നെ എല്ലാ കുട്ടികൾക്കും ശാരീരികവും,മാനസികവും,ബൗധികവുമായ കഴിവുകൾ ഉണർത്തുന്ന തരത്തിൽ കുട്ടികളെ പ്രാപ്തരാക്കുക.

## പ്രാധാന്യം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന്യവും,ആവിശ്യകതയും കുട്ടികളിൽ ഉൾക്കൊള്ളുന്നതിനായി പോസ്റ്റുകൾ,പ്രദർശനങ്ങൾ, ക്വിസ്

മത്സരങ്ങൾ , ക്ലബ്ബ് പ്രവർത്തനം , ദിനാചരണ മത്സരങ്ങൾ (ഹാസ് ഡയിസ്) എന്നീ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്താൻ കഴിയും

## ലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും ശാരീരികവും,മാനസികവുമായ കഴിവുകൾ ഉണർത്താനുള്ള അവസരങ്ങൾ ഒരുക്കുക.

- ആരോഗ്യത്തിനാണ് മുൻഗണന എന്ന് മനസിലാക്കുക.

- ഓരോ കുട്ടിയും സ്വന്തം കഴിവുകളെ തിരിച്ചറിയാനും അവരിൽ ആത്മവിശ്വാസം ഉണ്ടാക്കാനും പ്രചോതനം നല്കുന്നു.

## ഐ.സി.ടി പഠനമികവിലേക്ക്

- മലയാളത്തിൽ പ്രമുഖ കവികളുടെ കവിതകൾ ഐ.സി.ടി സാധ്യത ഉപയോഗിച്ച് കുട്ടികളെ കേൾപ്പിക്കുകയും പാഠഭാഗത്തെ ഉള്ളടക്കവും ആശയവും ആയി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ ഷോർട്ട് ഫിലിം,അഭിമുഖ സംഭാഷണം തുടങ്ങിയവ കുട്ടികളെ കാണിച്ച് കൊടുക്കുകയും അതിന്റെ സാധ്യതകൾ മനസിലാക്കികൊടുക്കുകയും ചെയ്തു.

- ശാസ്ത്രത്തിൽ പ്രമുഖ ശാസ്ത്രജ്ഞന്മാരെയും അവരുടെ ശാസ്ത്ര നേട്ടങ്ങളുടേയും വിവര ശേഖരണത്തിനായി ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്താം.രസതന്ത്രത്തിലും,ഊർജ്ജതന്ത്രം,ജീവശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വീഡിയോകളും ,ചിത്രങ്ങളും ഐ.സി.ടി സാധ്യത ഉപയോഗിച്ച് കുട്ടികൾക്ക് വ്യക്തത ഉണ്ടാക്കികൊടുക്കാം.
- ഐ.സി.ടി സാധ്യത ഉപയോഗിച്ച് സാമൂഹ്യശാസ്ത്രത്തിൽ
- ലോകത്തിന്റെ ഭൂപടങ്ങളും,അറ്റ്ലസുകളും ഉപയോഗിച്ച് ഭൂമിശാസ്ത്ര പ്രത്യേകതകളെ കുറിച്ചും മറ്റും ഉള്ള വിവരങ്ങൾ കുട്ടികൾക്ക് നല്കാൻ കഴിയും.ലോക്കൽ ഹിസ്റ്ററി,ചരിത്രപരമായ പ്രത്യേകതകൾ,വിവിധ കാലഘട്ടങ്ങൾ എന്നിവയൊക്കെ കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കാൻ കഴിയും.

- കോണുകൾ വൃത്തം തുടങ്ങിയവ വരയ്ക്കുന്നതിന്

  ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു.

- ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് ഹൈടെക് ക്ലാസിലൂടെ പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ,വീഡിയോ എന്നിവ ഉപയോഗിച്ച് ഇംഗ്ലീഷ് ലാങ്ക്വേജ് ലാബിന്റെ പ്രവർത്തനം നടത്തുന്നു.

- പ്രവർത്തനങ്ങൾ നടത്തുന്നു.
  - ✓ ചിത്ര രചന ക്യമ്പ്,നാടൻപാട്ടുകൾ,കാവ്യ കേളി തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കരകൗശല വസ്തുക്കളുടെ ശില്പ്പശാല
- പരിസ്ഥിതി നടത്തം
- പരീക്ഷണോൽസവം
- ഗണിത കേളികൾ

# ബഡ്ജറ്റ്

| വിഷയം | പ്രതീക്ഷിത ചെലവ് |
| --- | --- |
| മലയാളം | - 10000 |
| ഇംഗ്ലീഷ് | - 8000 |
| ഹിന്ദി | - 8000 |
| അടിസ്ഥാനശാസ്ത്രം | - 10000 |
| സാമൂഹ്യശാസ്ത്രം | - 10000 |
| ഗണിതം | - 10000 |
| സർഗ്ഗശേഷിവികാസം | -10000 |

| | |
|---|---|
| കയിക വിദ്യാഭ്യാസം | 20,000 |
| മൂല്യബോധവും,സാമൂഹ്യബോധവും വികസിപ്പിക്കുന്നതിന് | 10,000 |
| ഭിന്നശേഷി വികാസവും. പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന | 10,000 |
| ഐ.സി.ടി പഠനം | 75,000 |
| **ആകെ** | 1,15,000 |

അക്കാദമിക രംഗത്ത് സമൂലമായ മാറ്റവും പുത്തനുണർവ്വുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്നത്.

ഉത്തരംകോട് നിവാസികളുടെ പിന്തുണയും അധ്യാപകരുടെ ആത്മാർഥതയും ഒത്തുചേരുമ്പോൾ അത്ഭുതങ്ങൾ തന്നെ തീർച്ചയായും സംഭവിക്കും. ശുഭാപ്തി വിശ്വാസത്തോടെ... ഈ അക്കാദമിക മാസ്റ്റർപ്ലാൻ പൊതു സമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നു.

| | | |
|---|---|---|
| ഉത്തരംകോട്<br>25/062025 | ഹെഡ്മാസ്റ്റർ | പി.ടി.എ പ്രസിഡന്റ് |

[illegible] 9447505121